12
2022
ഫെബ്രുവരി
ശനി
മകരം 29

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 238 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-238 | പേജ് 4. വില 2.00 രൂപ




02 ട്രെയിൻ ഗതാഗത സ്തംഭനം ; കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തി

03 കടൽ തീരങ്ങളിലെ ശുചിത്വ യജ്ഞം

04 സ്കൂൾ തുറക്കൽ : പരീക്ഷാ തീയതികളിൽ മാറ്റമില്ല

# തദ്ദേശ ഉപതിരഞ്ഞെടുപ്പ് : 42 വാർഡുകളിൽ വോട്ടർ പട്ടിക പുതുക്കുന്നു

സംസ്ഥാനത്തെ 12 ജില്ലകളിലെ 42 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കാൻ തീരുമാനിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. ഇതിനായി കരട് വോട്ടർ പട്ടിക ഫെബ്രുവരി 16 ന് പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും മാർച്ച് മൂന്നിന് വൈകുന്നേരം അഞ്ച് മണി വരെ സ്വീകരിക്കും. അന്തിമ വോട്ടർപട്ടിക മാർച്ച് 16 ന് പ്രസിദ്ധീകരിക്കും.



വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് 2022 ജനുവരി ഒന്നിനോ അതിന് മുമ്പോ 18 വയസ് തികഞ്ഞിരിക്കണം. പേര് ചേർക്കുന്നതിനുള്ള അപേക്ഷകൾ ഠഠഠ.ലെര.സലൃമഹമ.ഴീ.ശി ൽ ഓൺലൈനായി സമർപ്പിക്കണം. കരട് പട്ടികയിലെ ഉൾക്കുറിപ്പുകളിൽ തിരുത്തലുകളോ സ്ഥാനമാറ്റമോ വരുത്തുന്നതിനുള്ള അപേക്ഷകളും ഓൺലൈനായി വേണം നൽകേണ്ടത്. പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപങ്ങൾ നിശ്ചിത ഫോമിൽ അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാലിലൂടെയോ നൽകണം.

കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാ ഓഫീസിലും വില്ലേജോഫീസിലും താലൂക്ക് ഓഫീസിലും പ്രസിദ്ധീകരിക്കും. കമ്മീഷന്റെ വെബ് സൈറ്റിലും അവ പരിശോധനയ്ക്ക് ലഭ്യമാണ്. തിരുവനന്തപുരം ജില്ലയിൽ അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ കണ്ണറവിള, പൂവാർ ഗ്രാമപഞ്ചായത്തിലെ അരശുംമൂട്, നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ മരുതിക്കുന്ന്, കല്ലറ ഗ്രാമപഞ്ചായത്തിലെ കൊടിതൂക്കിയകുന്ന്, കൊല്ലം ജില്ലയിൽ വെളിയം ഗ്രാമപഞ്ചായത്തിലെ കളപ്പില, വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ മുളയറച്ചാൽ, ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ ക്ലാപ്പന കിഴക്ക്, പെരിനാട് ഗ്രാമപഞ്ചായത്തിലെ നാന്തിരിക്കൽ, ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ കഴുതുരുട്ടി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ സംഗമം, പത്തനംതിട്ട ജില്ലയിൽ കോന്നി ഗ്രാമപഞ്ചായത്തിലെ ചിറ്റൂർ, കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ വൃന്ദാവനം, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ ഈട്ടിച്ചുവട്, ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ മണയ്ക്കാട്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ പെരുന്തുരുത്ത്, കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിലെ അമ്പലം, ഇടുക്കി ജില്ലയിൽ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ വെള്ളന്താനം, ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ ആണ്ടവൻകുടി, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ ചേമ്പളം, എറണാകുളം ജില്ലയിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ എറണാകുളം സൗത്ത്, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ പിഷാരി കോവിൽ, ഇളമനത്തോപ്പ്, കുന്നത്ത്നാട് ഗ്രാമപഞ്ചായത്തിലെ വെമ്പിള്ളി, വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ മൈലൂർ, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ അത്താണി ടൗൺ, തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ഒന്നാംകല്ല്, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിലെ ആനന്ദപുരം, കുഴൂർ ഗ്രാമപഞ്ചായത്തിലെ കുഴൂർ, തൃക്കൂർ ഗ്രാമപഞ്ചായത്തിലെ ആലേങ്ങാട്, മുരിയാട് ഗ്രാമപഞ്ചായത്തിലെ തുറവൻകാട്, വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ വെളയനാട്, പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ കോട്ടകുന്ന്, പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ കൂടല്ലൂർ, മലപ്പുറം ജില്ലയിൽ ആലംകോട് ഗ്രാമപഞ്ചായത്തിലെ ഉദിനുപറമ്പ്, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പരുത്തിക്കാട്, കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ വാളക്കുട, കോഴിക്കോട് ജില്ലയിൽ കൊടുവള്ളി മുനിസിപ്പാലിറ്റിയിലെ വാരിക്കുഴിത്താഴം, കണ്ണൂർ ജില്ലയിൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ കക്കാട്, പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ മുതിയലം, മുഴുപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലെ തെക്കേക്കുന്നുമ്പ്രം, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ നീർവ്വേലി, കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ പുല്ലാഞ്ഞിയോട് എന്നീ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനാണ് വോട്ടർ പട്ടിക പുതുക്കുന്നത്.

# കെട്ടിട നിർമാതാക്കൾ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തണം: മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ

സംസ്ഥാനത്തെ റിയൽ എസ്റ്റേറ്റ് പ്രോജക്റ്റുകൾക്ക് ടൈറ്റിൽ ഇൻഷുറൻസ് എടുക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും അനുവദിക്കില്ലെന്ന് തദ്ദേശ സ്വയംഭരണ. എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ് ആക്ടിന്റെ പതിനാറാം സെക്ഷൻ പ്രകാരമാണ് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നത്. സർക്കാർ അനുശാസിക്കുന്ന എല്ലാ ഇൻഷുറൻസുകളും കെട്ടിട നിർമാതാക്കൾ എടുക്കണം. ഓരോ പ്രൊമോട്ടറും ഭൂമിയുടെ പട്ടയവും കെട്ടിടങ്ങളും അവിടെ നടക്കുന്ന റിയൽ എസ്റ്റേറ്റ് പദ്ധതിയുടെ നിർമ്മാണവും ഇൻഷ്വർ ചെയ്യാൻ ബാധ്യസ്ഥനാണെന്നും മന്ത്രി വ്യക്തമാക്കി.

റിയൽ എസ്റ്റേറ്റ് പ്രോജക്റ്റിന്റെ ഭാഗമായ ഭൂമിയുടെയും കെട്ടിടത്തിന്റെയും പട്ടയത്തിന്റെയും ഇൻഷുറൻസ് പരിരക്ഷ തുടക്കം മുതലേ നിർമാതാക്കൾ ഉറപ്പുവരുത്തണം. ഇൻഷുറൻസുമായി ബന്ധപ്പെട്ട പ്രീമിയവും മറ്റ് ചാർജ്ജുകളും അടയ്ക്കാൻ പ്രോമോട്ടർ ബാധ്യസ്ഥനാണ്. പ്രോജക്റ്റുകളുടെ ഭാഗമായ കെട്ടിടങ്ങൾ വാങ്ങിക്കുന്നവർക്ക് ഇൻഷുറൻസ് രേഖകൾ മുൻകൂട്ടി കൈമാറണം. താമസക്കാരുടെ അസോസിയേഷനും ഇൻഷുറൻസ് രേഖകൾ ലഭ്യമാക്കണം. കെട്ടിട നിർമാതാക്കളോട് വിൽപ്പന കരാറിൽ ഏർപ്പെടുന്ന സമയത്ത് തന്നെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന രേഖകൾ വാങ്ങുന്നയാളിന് ലഭ്യമാക്കേണ്ടതാണെന്ന് മന്ത്രി പറഞ്ഞു.

ഭൂമിയുടെ പട്ടയവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടായാലോ, വ്യക്തമായ ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്ത സാഹചര്യത്തിലോ വാങ്ങിച്ചവരുടെ നിക്ഷേപം സംരക്ഷിക്കുന്നതിന് നിയമത്തിൽ നിർവചിച്ചിരിക്കുന്ന ഇൻഷുറൻസ് പരിരക്ഷ അനിവാര്യമാണ്. ഇൻഷുറൻസ് എടുക്കാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് നിയമസാധുത ഉണ്ടാവില്ലെന്നും അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഒരു കാരണവശാലും അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി.

# ലൈഫ് മിഷൻ മൂന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 1500 കോടിയുടെ ഹഡ്കോ വായ്പ ലഭ്യമായി

ലൈഫ് ഭവന നിർമ്മാണത്തിന് ഹഡ്കോയിൽ നിന്നും 1500 കോടി രൂപയുടെ വായ്പ അനുവദിച്ചതിന്റെ അനുമതിപത്രം ലഭിച്ചു. തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്ററുടെ സാന്നിധ്യത്തിൽ ഹഡ്കോ റീജിയണൽ ചീഫ് ബീന ഫിലിപ്പോസ് കെ യു ആർ ഡി എഫ് സി മാനേജിംഗ് ഡയറക്ടർ ആർ എസ് കണ്ണന് അനുമതിപത്രം കൈമാറി.

ഹഡ്കോയും കെ യു ആർ ഡി എഫ് സിയും തമ്മിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെ യു ആർ ഡി എഫ് സിയും തമ്മിലും കരാറിൽ ഏർപ്പെടാൻ നേരത്തെ തന്നെ ഉത്തരവിറക്കിയിരുന്നു. വായ്പാ വിതരണവും തിരിച്ചടവും മോണിറ്റർ ചെയ്യാൻ പി എം യു സംവിധാനം ഒരുക്കും. കെ യു ആർ ഡി എഫ് സിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചാണ് വായ്പാതുക കൈകാര്യം ചെയ്യുക. ലൈഫ് വീടുകൾക്ക് വേണ്ടിയുള്ള തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ഐ കെ എമ്മും എസ് ബി ഐയും ചേർന്ന് സോഫ്റ്റ്വെയർ സൗകര്യം ഒരുക്കും.

സംസ്ഥാനത്തെ 71800 ഗുണഭോക്താക്കൾക്കാണ് ഹഡ്കോ വായ്പകൊണ്ട് ലൈഫ് മിഷൻ വീടൊരുക്കുന്നത്. ഗ്രാമീണ മേഖലയിലെ 69217 ഗുണഭോക്താക്കൾക്ക് ഭവന നിർമാണത്തിനായി 1448.34 കോടിയും നഗര പ്രദേശങ്ങളിലെ 2583 ഗുണഭോക്താക്കൾക്ക് 51.66 കോടി രൂപയും വിനിയോഗിക്കും. വായ്പാ അനുമതി പത്രം കൈമാറുന്ന ചടങ്ങളിൽ ഹഡ്കോ ജോയിന്റ് ജനറൽ മാനേജർ ജോൺ ജോസഫ് വടശ്ശേരിയും ലൈഫ്മിഷൻ സി ഇ ഒയും മറ്റ് ഉദ്യോഗസ്ഥരും പങ്കാളികളായി.

# ഹിജാബിൽ ഉചിത സമയത്ത് ഇടപെടും; സുപ്രീം കോടതി

ന്യൂഡൽഹി: കർണാടകയിലെ ഹിജാബ് വിഷയത്തിൽ ഉചിതമായ സമയത്ത് ഇടപെടുമെന്ന് സുപ്രീം കോടതി. വിഷയം അടിയന്തരമായി പരിഗണിക്കണമെന്നു വിദ്യാർഥിനികൾ ഉൾപ്പടെ ഉന്നയിച്ച ആവശ്യം നിരാകരിച്ചാണ് കോടതി നിലപാട് വ്യക്തമാക്കിയത്.

മതപരമായ വേഷങ്ങൾ കോളജുകളിൽ വിലക്കിയ കർണാടക ഹൈക്കോടതിയുടെ ഇടക്കാല തീരുമാനത്തിനെതിരേ അടിയന്തര വാദം കേൾക്കണമെന്നാണ് പരാതിക്കാർക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ദേവദത്ത് കാമത്ത് ആവശ്യപ്പെട്ടത്. മതവിശ്വാസത്തിനുള്ള മൗലിക അവകാശം ഹനിക്കപ്പെട്ടു എന്നാണു പരാതിക്കാരുടെ വാദം.

കർണാടക ഹൈക്കോടതിയുടെ ഇടക്കാല വിധിക്കെതിരേ പരാതിക്കാർ സുപ്രീം കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. ഇടക്കാല വിധി മുസ്‌ലിം വിദ്യാർഥികൾക്കും ഇതര വിഭാഗത്തിൽ പെട്ട വിദ്യാർഥിക്കൾക്കും ഇടയിൽ വിവേചനം ഉണ്ടാക്കുന്നു എന്നാണ് പരാതിയിൽ ചൂണ്ടിക്കാട്ടുന്നത്. മതേതര വിരുദ്ധമാണെന്നും ആരോപിക്കുന്നു.

# ഹഡിൽ ഗ്ലോബൽ' ഫെബ്രു. 19 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: സംരംഭകർക്കായി കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം) ഒരുക്കുന്ന രാജ്യത്തെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഉച്ചകോടിയായ 'ഹഡിൽ ഗ്ലോബലി'ൻറെ മൂന്നാം പതിപ്പ് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഫെബ്രുവരി 19 ശനിയാഴ്ച ഉദ്ഘാടനം ചെയ്യും.

രാവിലെ 9 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ വ്യവസായനിയമ വകുപ്പ് മന്ത്രി പി രാജീവ് അദ്ധ്യക്ഷനായിരിക്കും. കൊവിഡാനന്തര കാലഘട്ടത്തിലെ സ്റ്റാർട്ടപ്പുകൾക്കുള്ള നിക്ഷേപപങ്കാളിത്തബിസിനസ് അവസരങ്ങളെ കേന്ദ്രീകരിച്ച ദ്വിദിന വെർച്വൽ സമ്മേളനത്തിൻറെ സമാപന ദിവസം ബ്ലോക്ചെയിൻ ഉച്ചകോടിക്കും വേദിയാകും. ഗൂഗിൾ, ഹാബിറ്റാറ്റ്, ജെട്രോ, ഗ്ലോബൽ ആക്സിലറേറ്റർ നെറ്റ് വർക്ക്, ഐ ഹബ് ഗുജറാത്ത്, നാസ്കോം, സിഎസ്എൽ എന്നിവയുമായുള്ള ധാരണാപത്രങ്ങൾ ഒപ്പിടും.

ലോകശ്രദ്ധ നേടിയ സ്റ്റാർട്ടപ് സ്ഥാപകർ, വിദഗ്ദ്ധർ, നയകർത്താക്കൾ, മാർഗനിർദേശകർ, നിക്ഷേപകർ എന്നിവരും സർക്കാർ വകുപ്പുകളുടെ പ്രതിനിധികളുമടക്കം സ്റ്റാർട്ടപ്പ് മേഖലയിലെ ആഗോള പ്രമുഖർ പങ്കെടുക്കുന്ന സമ്മേളനം സ്റ്റാർട്ടപ്പ് അന്തരീക്ഷവുമായി ബന്ധപ്പെട്ട ആഗോള കാഴ്ചപ്പാടുകൾ ചർച്ച ചെയ്യും. സംരഭകർക്ക് ആഗോളതലത്തിലുള്ള അവസരങ്ങളും സ്റ്റാർട്ടപ്പുകൾക്ക് സാങ്കേതികസാമ്പത്തിക പിന്തുണയോടെ അതിവേഗം വളരാനാവശ്യമായ സാധ്യതയും തേടുന്നതിനാണ് കേരള ഐടി പാർക്കുകളുടെ സഹകരണത്തോടെയുള്ള സമ്മേളനം ഊന്നൽ നൽകുന്നത്.

മുഖ്യസെഷനുകൾ, ലീഡർഷിപ്പ് ടോക്ക്, ടെക്നിക്കൽ ടോക്ക്, ആഗോളതലത്തിലും സംസ്ഥാനത്തുമുള്ള സ്റ്റാർട്ടപ്പുകളുടെ പ്രദർശനം, ആശയാവതരണം, മറ്റു ബിസിനസ് അധിഷ്ഠിത പരിപാടികൾ എന്നിവയും സമ്മേളനത്തിൽ നടക്കും. 30 മാർഗനിർദേശകർ ഉൾപ്പെടുന്ന പ്രത്യേക സെഷനും സംഘടിപ്പിക്കും.

സ്റ്റാർട്ടപ്പ് അന്തരീക്ഷത്തിലെ പ്രതിസന്ധികളേയും അവസരങ്ങളേയും കേന്ദ്രീകരിച്ച് വിപുലമായ രീതിയിൽ ആഗോള കാഴ്ചപ്പാടിലാണ് ഹഡിൽ ഗ്ലോബൽ സംഘടിപ്പിക്കുന്നതെന്ന് കെഎസ് യുഎം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോൺ എം തോമസ് പറഞ്ഞു. സാമൂഹിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന നൂതന സാങ്കേതികവിദ്യകളുള്ള സ്റ്റാർട്ടപ്പുകളാണ് കെഎസ് യുഎമ്മിൻറെ സമ്മേളനത്തിൽ പങ്കെടുക്കുന്നത്. പങ്കാളിത്തങ്ങൾക്കും വികസനത്തിനും സഹായകമായ രീതിയിൽ ലോകനേതാക്കളെയാണ് ക്ഷണിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

രണ്ടായിരത്തിൽപരം ആളുകൾക്ക് പങ്കെടുക്കാൻ കഴിയുന്ന സ്റ്റാർട്ടപ് മിഷൻ വികസിപ്പിച്ചെടുത്ത അതിനൂതന വെബ്പ്ലാറ്റ് ഫോമിലാണ് പരിപാടി നടക്കുക. ലണ്ടൻ സിറ്റിയുടെ ലോർഡ് മേയറും ബിസിനസ് നിയമ സ്ഥപനമായ ഡിഎൽഎ പൈപ്പർ പങ്കാളിയുമായ ആൽഡർമാൻ വിൻസെൻറ്, സിസ്കോ ഇന്ത്യയുടേയും എസ്എഎആർസിയുടേയും പ്രസിഡൻറായ ഡെയ്സി ചിറ്റിലപ്പള്ളി, ബോട്ട്ഷാർക്ക് ടാങ്ക് ഇന്ത്യ സഹസ്ഥാപകനും സിഎംഒയുമായ അമൻ ഗുപ്ത, ഇൻഫോ എഡ്ജ് സഹസ്ഥാപകൻ സഞ്ജീവ് ബിഖ് ചന്ദാനി, സ്നാപ് ചാറ്റ് ഇന്ത്യ എംഡി ദുർഗേഷ്, നോബ്രോക്കർ.കോം സ്ഥാപകനും സിഇഒയുമായ അമിത് കുമാർ അഗർവാൾ, മിഡിൽ ഈസ്റ്റിലേയും ആഫ്രിക്കയിലേയും സ്റ്റാർട്ടപ്പുകൾക്കായുള്ള മൈക്രോസോഫ്റ്റ് എംഡി റോബർട്ടോ ക്രോസി, ഹിറ്റാച്ചി ഇന്ത്യ സീനിയർ വൈസ് പ്രസിഡൻറ് ഡോ. കിംഗ്ഷുക് ബാനർജി തുടങ്ങിയ സ്റ്റാർട്ടപ്പ് മേഖലയിലെ പ്രമുഖർ സമ്മേളനത്തിൽ സംസാരിക്കും.

ഹഡിൽ ഗ്ലോബലിൻറെ ഭാഗമായി നടക്കുന്ന സമ്മേളനങ്ങളെക്കുറിച്ചും മറ്റു പരിപാടികളെക്കുറിച്ചുമുള്ള വിശദവിവരങ്ങൾക്കും പങ്കെടുക്കാൻ രജിസ്റ്റർ ചെയ്യുന്നതിനും www.huddleglobal.co.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ഏകീകൃത വിദ്യാഭ്യാസ കോഡ്; ആവശ്യം സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: രാജ്യത്ത് ഏകീകൃത വിദ്യാഭ്യാസ കോഡ് നടപ്പാക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി. ഹൈക്കോടതിയെ സമീപിക്കാൻ ജസ്റ്റിസ് എൽ. നാഗേശ്വര റാവു അധ്യക്ഷനായ ബെഞ്ച് ഹർജിക്കാരന് നിർദേശം നൽകി.

ബിജെപി നേതാവ് അശ്വിനി ഉപാധ്യായ ആണ് പൊതുതാൽപര്യ ഹർജിയുമായി സുപ്രീം കോടതിയെ സമീപിച്ചത്. ഗുരുകുലങ്ങൾക്കും, വേദ പഠന സ്കൂളുകൾക്കും അംഗീകാരം നൽകണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

# തിങ്കളാഴ്ച മുതൽ അങ്കണവാടികൾ തുറന്ന് പ്രവർത്തിക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ അങ്കണവാടികൾ ഫെബ്രുവരി 14 തിങ്കളാഴ്ച മുതൽ തുറന്ന് പ്രവർത്തിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒന്ന് മുതൽ 9 വരെയുള്ള ക്ലാസുകൾ, ക്രഷുകൾ, കിൻഡർ ഗാർഡൻ ക്ലാസുകൾ തുടങ്ങിയവ തിങ്കളാഴ്ച മുതൽ ഓഫ്ലൈനായി പ്രവർത്തിക്കുകയാണ്. അതിനോടൊപ്പം അങ്കണവാടികളും തുറക്കാൻ വനിത ശിശുവികസന വകുപ്പ് തീരുമാനമെടുക്കുകയായിരുന്നു. അങ്കണവാടികൾ തുടർച്ചയായി അടച്ചിടുന്നത് കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ദോഷം ചെയ്യും. അങ്കണവാടികൾ തുറന്ന് കഴിഞ്ഞാൽ കുട്ടികൾക്ക് നൽകേണ്ട പോഷകാഹാരങ്ങൾ കൃത്യമായി നൽകാനും സാധിക്കും. ചെറിയ കുട്ടികളായതിനാൽ അങ്കണവാടി ജീവനക്കാരും അവരെ കൊണ്ടുവിടുന്ന രക്ഷിതാക്കളും കർശനമായ മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു.



**കൊല്ലം കോർപ്പറേഷൻ കുരീപ്പുഴയിൽ നിർമ്മിക്കുന്ന മലിനജല മാലിന്യ സംസ്കരണശാലയുടെ നിർമാണോദ്ഘാടന ചടങ്ങിൽ മേയർ പ്രസന്ന ഏണസ്റ്റ് ഭദ്രദീപം തെളിയിക്കുന്നു.**

# ഉപഗ്രഹസഹായത്തോടെ ലാൻഡിംഗിന് കണ്ണൂർ വിമാനത്താവളം സജ്ജം


മട്ടന്നൂർ: ജിപിഎസ് സഹായത്തോടെ വിമാനമിറക്കുന്നതിനുള്ള ഗഗൻ സംവിധാനം നടപ്പാക്കുന്നതിൻറെ ഭാഗമായി കണ്ണൂർ വിമാനത്താവളത്തിൽ പരീക്ഷണപ്പറക്കൽ നടത്തി. എയർപോർട്ട് അഥോറിറ്റിയുടെ ബീച്ച്ക്രാഫ്റ്റ് വിമാനമാണ് വിമാനത്താവളത്തിൽ രണ്ടുദിവസത്തെ കാലിബ്രേഷൻ നടത്തിയത്.

ഉപഗ്രഹങ്ങളുടെ സഹായത്തോടെ വിമാനങ്ങൾക്ക് സുരക്ഷിതമായി റൺവേയിൽ ലാൻഡ് ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുകയാണ് ഗഗൻ (ജിപിഎസ് എയ്ഡഡ് ജിയോ ഓഗ്മെൻറഡ് നാവിഗേഷൻ) വഴി ചെയ്യുന്നത്.

രാജ്യത്ത് ആദ്യമായി കണ്ണൂർ വിമാനത്താവളത്തിലാണ് ഈ സംവിധാനം പരീക്ഷിച്ചു നടപ്പാക്കുന്നത്. ഐഎസ്ആർഒയും എയർപോർട്ട് അഥോറിറ്റിയും ചേർന്ന് 774 കോടിയോളം രൂപ ചെലവിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.

ഉപഗ്രഹങ്ങളിൽനിന്ന് നേരിട്ടു ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പൈലറ്റ് വിമാനം നിയന്ത്രിക്കുക. മോശം കാലാവസ്ഥയിലും റൺവേയിൽ സുരക്ഷിതമായി വിമാനമിറക്കാൻ ഇതുവഴി സാധിക്കും. അപ്രോച്ച് പ്രൊസീജിയർ കാലിബ്രേഷൻ ഇന്നലെ വൈകുന്നേരത്തോടെയാണ് പൂർത്തിയായത്. പരിശോധനാറിപ്പോർട്ട് ഡിജിസിഎയ്ക്ക് കൈമാറും.

പൈലറ്റ് അനൂപ് കച്ച്റു, സഹപൈലറ്റ് ശക്തി സിംഗ് എന്നിവരാണ് കാലിബ്രേഷൻ വിമാനം പറത്തിയത്. എയർപോർട്ട് അഥോറിറ്റി ഉദ്യോഗസ്ഥരായ ഷംസർ സിംഗ്, എൽ.ഡി. മൊഹന്തി, നവീൻ ദൂദി, ഡിജിസിഎ ഉദ്യോഗസ്ഥരായ രവീന്ദർ സിംഗ് ജംവാൾ, വാസു ഗുപ്ത, എ.എം.ഇ. തരുൺ അഹ് ളാവത്ത്, ടെക്നീഷ്യൻ സച്ചിൻ കുമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന. കിയാൽ സിഒഒ എം. സുഭാഷ്, ഓപറേഷൻസ് ഹെഡ് രാജേഷ് പൊതുവാൾ എന്നിവരും പങ്കെടുത്തു.



46 പോലീസ് സ്റ്റേഷനുകൾക്ക് ആധുനിക ജീപ്പ്

ദുർഘടപ്രദേശങ്ങളിൽ യാത്ര ചെയ്യുന്നതിന് സഹായകരമായ 46 പുതിയ പൊലീസ് ജീപ്പുകൾ വിവിധ സ്റ്റേഷനുകൾക്ക് കൈമാറി. ഫോഴ്സ് കമ്പനിയുടെ ഗൂർഖ എന്നറിയപ്പെടുന്ന വാഹനങ്ങൾ ആണ് വിവിധ സ്റ്റേഷനുകൾക്ക് ലഭ്യമാക്കിയത്. പോലീസ് ആസ്ഥാനത്തെ എഡിജിപി മനോജ് എബ്രഹാം കമ്പനി പ്രതിനിധികളിൽനിന്ന് വാഹനങ്ങൾ ഏറ്റുവാങ്ങി പോലീസ് സ്റ്റേഷനുകൾക്ക് കെമാറി.

നക്സൽ ബാധിത പ്രദേശങ്ങളിലെയും ഉയർന്ന പ്രദേശങ്ങളിലെയും പോലീസ് സ്റ്റേഷനുകൾക്കാണ് വാഹനങ്ങൾ നൽകിയത്. ഫോർ വീൽ ഡ്രൈവ് എ.സി വാഹനത്തിൽ ആറു പേർക്ക് സഞ്ചരിക്കാം. സ്റ്റേറ്റ് പ്ലാൻ, പോലീസ് നവീകരണപദ്ധതി എന്നിവപ്രകാരമുള്ള ഫണ്ട് ഉപയോഗിച്ചാണ് വാഹനങ്ങൾ വാങ്ങിയത്. ഒരു വാഹനത്തിന് 13.25 ലക്ഷം രൂപയാണ് വില.

## തിരുത്തൽ വരുത്താൻ അവസരം

കൊല്ലം സർക്കാർ വനിതാ ഐ.ടി.ഐ 2014 മുതൽ എൻ.സി.വി.ടി എം.ഐ.എസ് പ്രകാരം അഡ്മിഷൻ നേടിയ ട്രെയിനികളുടെ ഇഎൻ.ടി.സി തിരുത്തലുകൾക്ക് എം.ഐ.സ് പോർട്ടലിൽ മാർച്ച് രണ്ടുവരെ അവസരം ലഭ്യമാക്കിയതായി പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ 0474 2793714.

## വനിതാ കമ്മിഷൻ അദാലത്ത് 14 നും 15 നും

സംസ്ഥാന വനിതാ കമ്മിഷൻ അദാലത്ത് ഫെബ്രുവരി 14, 15 തീയതികളിൽ ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ രാവിലെ പത്ത് മണി മുതൽ നടത്തും.

## സൗജന്യ പ്ലേസ് മെന്റ് ഡ്രൈവ് 24ന്

തിരുവനന്തപുരത്തെ കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ 24ന് രാവിലെ 10 മുതൽ സൗജന്യ ഓൺലൈൻ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കും. കൊച്ചി ഇൻഫോപാർക്കിലെ അർമിയ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിൽ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ/ ബി.സി.എ/ എം.സി.എ/ ബി.ഇ/ ബി.ടെക്/ എം.ടെക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി വിവിധ തസ്തികകളിലെ 42 ഒഴിവുകളിലേക്കും ട്രിനിറ്റി സ്കിൽ വർക്സിലെ വിവിധ ഐ.ടി സ്ഥാപനങ്ങളിലേക്ക് ബി.എസ്.സി/ ബി.കോം/ ബി.എ/ എം.ബി.എ/ എം.കോം/ ബി.ടെക്/ സി.എസ്/ ഐ.ടി/ ഇ.സി.ഇ/ ഇ.ഇ.ഇ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി വിവിധ തസ്തികകളിലെ 1500 ഒഴിവുകളിലേക്കും തിരഞ്ഞെടുപ്പ് നടക്കും. എച്ച്.ഡി.എഫ്.സി ലൈഫിൽ എസ്.എസ്.എൽ.സി/ ബിരുദം യോഗ്യതയുള്ള 40 ഒഴിവുകളിലേക്കും പ്ലേസ്മെന്റ് ഡ്രൈവ് നടക്കും. ഉദ്യോഗാർത്ഥികൾ 19 നകം h-ttp-s://b-i-t.ly/3sts0P-H എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക്: www.f-a-c-e-boo-k.com/M-C-CT-V-M, 04712304577.

## സൗജന്യ തൊഴിൽ മേള

കേന്ദ്ര തൊഴിൽ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം(നാഷണൽ കരിയർ സെന്റർ ഫോർ എസ്.സി./എസ്.ടി) പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്കായി ഫെബ്രുവരി 23ന് സൗജന്യ തൊഴിൽ മേള സംഘടിപ്പിക്കുന്നു. തൈക്കാട് സംഗീത കോളജിനു പുറകുവശത്തുള്ള നാഷണൽ കരിയർ സെന്റർ ഫോർ എസ്.സിഎസ്.ടിയിൽവച്ചാണു പരിപാടി. ഫിനാൻഷ്യൽ അഡൈ്വസർ, ഫിനാൻഷ്യൽ കൺസൾട്ടന്റ് എന്നീ തസ്തികകളിൽ 70 ഓളം ഒഴിവുകളിലേക്കാണ് തൊഴിൽ മേള. 12ാം ക്ലാസോ അതിനു മുകളിലോ പാസായവരും 25നും 65നും ഇടയിൽ പ്രായമുള്ളവരുമായ ഉദ്യോഗാർഥികൾക്കു പങ്കെടുക്കാം. താത്പര്യമുള്ളവർ വട്ടേ://ളീൃാ.ഴഹല/ജ്ഏഷ്ഠ3തൃഏഥെുകഠശഖ7 എന്ന ലിങ്കിൽ രജിസ്റ്റർചെയ്ത് ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുമായി ഇന്റർവ്യൂവിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2332113, 8304009409.

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

ജില്ലാ പഞ്ചായത്ത് 202122 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതിയിലേക്ക് 2021 22 വർഷത്തെ ഗ്രാമസഭാ ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടുള്ളതും അംഗീകൃത കോഴ്സുകൾക്ക് പ്രവേശനം നേടി പഠിക്കുന്ന വരുമായ വിദ്യാർത്ഥികൾ, മുൻവർഷങ്ങളിൽ ജില്ലാപഞ്ചായത്ത് പദ്ധതിപ്രകാരം സ്കോളർഷിപ്പ് ലഭിച്ചതും നിലവിൽ അതേ കോഴ്സിന് പഠനം തുടരുന്നതുമായ വിദ്യാർഥികൾ എന്നിവർക്ക് അപേക്ഷിക്കാം. ജാതി സർട്ടിഫിക്കറ്റ്, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, ആധാർ, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷ കൊല്ലം സിവിൽ സ്റ്റേഷനിലെ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ഫെബ്രുവരി 20 നകം നൽകണം. ഒന്നു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സിൽ പഠിക്കുന്നവർ, ഒരു വർഷത്തിൽ താഴെ കാലാവധിയുള്ള കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർഥികൾ, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിൽ വരുന്ന വിദ്യാർഥികൾ എന്നിവർ അപേക്ഷിക്കേണ്ടതില്ല. ഫോൺ 0474 2794996

## മരങ്ങൾ ലേലത്തിന്

പൊതുമരാമത്ത് വകുപ്പ് കേരള റോഡ് ബോർഡ് പി. എം. യു കൊല്ലം എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസിന്റെ പരിധിയിലുള്ള ആയൂർ അഞ്ചൽ പുനലൂർ സ്റ്റേറ്റ് ഹൈവേയുടെ അരികിൽ നിൽക്കുന്ന 149 മരങ്ങൾ ഫെബ്രുവരി 15ന് രാവിലെ 11.30ന് കുരിശുമുക്ക് സൈറ്റ് ഓഫീസ് പരിസരത്ത് ലേലം ചെയ്യും.

ന്യൂനപക്ഷ, പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ജില്ലയിലെ സ്ഥിരതാമസക്കാരായ വനിതകൾക്ക് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ സ്വയം തൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാം .18നും 55നും ഇടയിൽ പ്രായമുള്ളവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി വസ്തു, ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥയിൽ ആറ് ശതമാനം പലിശ നിരക്കിൽ വായ്പ അനുവദിക്കും. അപേക്ഷ ഫോം, , www.kswdc.org വെബ് സൈറ്റിൽ ലഭിക്കും. ബന്ധപ്പെട്ട രേഖകൾ സഹിതം മാനേജർ, ഗ്രൗണ്ട് ഫ്ലോർ ട്രാൻസ്പോർട് ഭവൻ, ഈസ്റ്റ് ഫോർട്ട്, അട്ടകുളങ്ങര പി.ഒ, തിരുവനന്തപുരം695023 മേൽ വിലാസത്തിൽ അയക്കണം കൂടുതൽ വിവരങ്ങൾക്ക്: 0471 2328257, 9496015006

## റാങ്ക് പട്ടിക റദ്ദാക്കി

സൈനികക്ഷേമ വകുപ്പ് വെൽഫെയർ ഓർഗനൈസർ (വിമുക്തഭട ൻമാർ മാത്രം) (കാറ്റഗറി നമ്പർ 491/ 2011) , എക്സൈസ് വകുപ്പ് സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) (ഫസ്റ്റ് എൻ.സി.എ ഒ.ബി.സി) (കാറ്റഗറി നമ്പർ. 62/18) , എക്സൈസ് വകുപ്പ് സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) (ഫസ്റ്റ് എൻ.സി.എ വി) (കാറ്റഗറി നമ്പർ. 63/18) എന്നീ തസ്തികകളിലേക്കുള്ള റാങ്ക് പട്ടികകൾ റദ്ദുചെയ്തതായി പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

## മസ്റ്ററിങ് നടത്തണം

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അസംഘടിത വിഭാഗം പെൻഷൻ ഗുണഭോക്താക്കളിൽ 2019 ഡിസംബർ 31നകം മസ്റ്ററിംഗ് ചെയ്തിട്ടില്ലാത്തവർ അക്ഷയ കേന്ദ്രങ്ങൾ വഴി ഫെബ്രുവരി 20നകം മസ്റ്ററിംഗ് നടത്തണമെന്ന് ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ജില്ലാ കമ്മിറ്റി ചെയർമാൻ അറിയിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ 0474 2749048, 8075333190

## ട്രെയിൻ ഗതാഗത സ്തംഭനം ; കെഎസ്ആർടിസി കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തി

തിരുവനന്തപുരം; തൃശൂർ പുതുക്കാട് ഗുഡ്സ് ട്രെയിൻ പാളം തെറ്റിയതിനെ തുടർന്ന് തടസപ്പെട്ട ട്രെയിൻ ?ഗതാ?ഗതത്തിന് പകരമായി കൂടുതൽ ബസ് സർവ്വീസുകൾ കെഎസ്ആർടിസി നടത്തുമെന്ന് ?ഗതാ?ഗതമന്ത്രി ആന്റണി രാജു അറിയിച്ചു.

നിലവിൽ തൃശ്ശൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് അഞ്ചും, എറണാകുളത്ത് നിന്നും ആറും, ആലപ്പുഴയിൽ നിന്നും ആറും അധിക ബസുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്. എറണാകുളത്ത് നിന്നും തിരുവനന്തപുരം , കോഴിക്കോട്ട് ഭാ?ഗങ്ങളിലേക്ക് ആവശ്യത്തിന് ബസുകൾ സർവ്വീസ് നടത്താൻ സജ്ജമാക്കിയിട്ടുണ്ട്. ഇത് കൂടാതെ ഏത് സ്ഥലത്തും യാത്രക്കാരുടെ ആവശ്യത്തിന് അനുസരിച്ച് കൂടുതൽ സർവ്വീസുകൾ നടത്താൻ ?ഗതാ?ഗതമന്ത്രി നിർദ്ദേശം നൽകി.

അടിയന്തിരമായി ബസ് സർവ്വീസുകൾ ആവശ്യമുണ്ടെങ്കിൽ കെഎസ്ആർടിസിയുടെ കൺട്രോൾ റൂമിൽ ബന്ധപ്പെടാവുന്നതാണ്. എ്യ ലിൗശ്യ്യ (24ണ്മ7) :+91 4712463799
+91 9447071021
1800 599 4011

## അപേക്ഷ ക്ഷണിച്ചു

എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജ് തുടർ വിദ്യാഭാസ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന മൂന്ന് മാസം ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആട്ടോകാഡ്, അലൂമിനിയം ഫാബ്രിക്കേഷൻ, ബ്യൂട്ടിഷൻ ,മൊബൈൽ ഫോൺ ടെക്നോളജി , ടിഗ് ആന്റ് മിഗ് വെൽഡിംഗ് എന്നിവയാണ് കോഴ്സുകൾ. അപേക്ഷ ഫോം തുടർവിദ്യാഭാസ കേന്ദ്രത്തിന്റെ ഓഫീസിൽ ലഭിക്കും. അവസാന തീയതി ഫെബ്രുവരി 18. വിശദവിവരങ്ങൾക്ക് 9496846522.

## ഓംബുഡ്സ്മാൻ സിറ്റിംഗ്

ജില്ലയിലെ തൊഴിലുറപ്പ് പദ്ധതി ഓംബുഡ്സ്മാൻ സിറ്റിംഗ് ഫെബ്രുവരി 17 രാവിലെ 10.30 മുതൽ 11.30 വരെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും 12 മണി മുതൽ ഒരു മണി വരെ കുലശേഖരപുരം ഗ്രാമ പഞ്ചായത്ത് ഓഫീസലും നടത്തും. പരാതികൾ അയക്കേണ്ട വിലാസം എ. സയീദ്, ഓംബുഡ്സ്മാൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്, കലക്ടറേറ്റ്, കൊല്ലം, ഫോൺ : 9995491934

## ഫോർട്ട് താലൂക്ക് ആശുപത്രിയിൽ ക്ലീനിങ് സ്റ്റാഫ്

തിരുവനന്തപുരം ഫോർട്ട് താലൂക്കാശുപത്രിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ക്ലീനിംഗ് സ്റ്റാഫിനെ നിയമിക്കുന്നു. കോവിഡ് ബ്രിഗേഡിൽ പ്രവർത്തിച്ചവർക്ക് മാത്രമാണ് നിയമനം. താത്പ്പര്യമുള്ള ഉദ്യോഗാർത്ഥികൾ കോവിഡ് ബ്രിഗേഡിൽ പ്രവർത്തിച്ച സർട്ടിഫിക്കറ്റുമായി ഫെബ്രുവരി 16ന് രാവിലെ 10ന് ആശുപത്രിയിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം.

## സീനിയർ സൂപ്രണ്ട് ഡെപ്യൂട്ടേഷൻ നിയമനം

കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ (കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്) സീനിയർ സൂപ്രണ്ട് (51,4001,10,300) തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ സമാന തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കെ.എസ്.ആർ 144 പ്രകാരമുള്ള അപേക്ഷ, വകുപ്പ് മേധാവിയുടെ എൻ.ഒ.സി സഹിതം 28ന് വൈകിട്ട് 5 മണിക്ക് മുൻപ് മാനേജിംഗ് ഡയറക്ടർ, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്, ജനറൽ ആശുപത്രി കാമ്പസ്, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ ലഭിക്കണം.

## വാക് ഇൻ ഇന്റർവ്യൂ 24ന്

ഹോംകോയിലെ ഗുണനിലവാര നിയന്ത്രണ വിഭാഗത്തിലെ അപ്രെന്റീസ് ട്രെയിനിയുടെ നിയമനത്തിന് 24ന് രാവിലെ 11ന് വാക് ഇൻ ഇന്റർവ്യൂ നടത്തും. ബി.ഫാം യോഗ്യതയുള്ളതും 40 വയസ്സിൽ കവിയാത്തവരുമായ ഉദ്യോഗാർത്ഥികൾ ആലപ്പുഴ പാതിരപ്പള്ളിയിലുള്ള ഹോംകോയുടെ ഓഫീസിൽ സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം ഹാജരാകണം. ഫോൺ: 9495958012.

## ക്വട്ടേഷൻ ക്ഷണിച്ചു

ഓച്ചിറ ഐ.സി.ഡി.എസ് പദ്ധതി പരിധിയിലെ 132 അങ്കണവാടികളിലേക്ക് 202122 സാമ്പത്തിക വർഷത്തേക്കുള്ള പ്രീസ്കൂൾ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി വ്യക്തികൾ/സ്ഥാപനങ്ങൾ നിന്നും ക്വാട്ടേഷൻ ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 16 ഉച്ചക്ക് ഒരുമണി. വിശദവിവരങ്ങൾക്ക് ഫോൺ 0476 2698818, 8281999108

## ടെണ്ടർ ക്ഷണിച്ചു

പത്തനാപുരം ഐ.സി.ഡി.എസ് ഓഫീസ് പരിധിയിലെ പത്തനാപുരം, തലവൂർ, വിളക്കുടി, ഗ്രാമപഞ്ചായത്തുകളിലെ 105 അങ്കണവാടികളിലേക്ക് പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 21 ഉച്ചക്ക് 2.30. വിശദവിവരങ്ങൾക്ക് ഫോൺ 9447430095.

പത്തനാപുരം ഐ.സി.ഡി.എസ് ഓഫീസ് പരിധിയിലെ പട്ടാഴി, പട്ടാഴി വടക്കേക്കര, പിറവന്തൂർ ഗ്രാമപഞ്ചായത്തുകളിലെ 80 അങ്കണവാടി കളിലേക്ക് പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 21 ഉച്ചക്ക് രണ്ടു മണി. വിശദവിവരങ്ങൾക്ക് ഫോൺ 9447430095

## ലേലം

ജില്ലാ പോലീസ് മേധാവിയുടെ പരിധിയിലുള്ള എ.ആർ ക്യാമ്പ്, എം. ടി ഓഫീസ്, ചവറ,ചാത്തന്നൂർ ഓഫീസുകളിൽ/ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള പഴയ ഇരുമ്പ് സാധനങ്ങളും മറ്റു പാഴ് വസ്തുക്കളും ഫെബ്രുവരി 14, 15, 16 തീയതികളിൽ ലേലം ചെയ്യും. 14ന് രാവിലെ 11 മണിക്ക് എ.ആർ ക്യാമ്പിലും 12 മണിക്ക് എം. ടി ഓഫീസിലും, 15 ന് 11 മണിക്ക് ചവറ പോലീസ് സ്റ്റേഷനിലും 16ന് 11 മണിക്ക് ചാത്തന്നൂർ പോലീസ് സ്റ്റേഷനിലും ആണ് ലേലം. വിശദവിവരങ്ങൾക്ക് ഫോൺ 0474 2764422.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഇന്റർവ്യൂ

തേവലക്കര സർക്കാർ ഐ.ടി.ഐയിലെ പ്ലംബർ, വെൽഡർ, സർവ്വയർ ട്രേഡുകളിൽ എംപ്ലോയബിലിറ്റി സ്കിൽ പരിശീലനത്തിനുള്ള ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. എം.ബി.എ/ ബി.ബി.എയും രണ്ടുവർഷം പ്രവർത്തിപരിചയം, സോഷ്യോളജി/ സോഷ്യൽ വെൽഫെയർ/ എക്കണോമിക്സ് എന്നിവയിലുള്ള ബിരുദവും രണ്ടു വർഷം പ്രവൃത്തിപരിചയവും ആണ് യോഗ്യതകൾ. അസൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 15ന് രാവിലെ 11 മണിക്ക് കോളേജിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് 0476 2835221.

## കോവിഡ് ബാധിച്ചു മരണമടഞ്ഞവരുടെ വനിതാ ആശ്രിതർക്ക് സ്മൈൽ കേരള വായ്പ

കേരളത്തിൽ കോവിഡ് 19 ബാധിച്ചു മുഖ്യ വരുമാനാശ്രയമായ വ്യക്തി മരണപ്പെട്ട കുടുംബങ്ങളെ (പട്ടിക വർഗ്ഗ/ ന്യൂനപക്ഷ/ പൊതു വിഭാഗം) സഹായിക്കുന്നതിനായി കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ സ്മൈൽ കേരള സ്വയം തൊഴിൽ വായ്പ പദ്ധതിയിൽ അപേക്ഷകൾ ക്ഷണിച്ചു. ആറ് ശതമാനം വാർഷിക പലിശ നിരക്കിൽ പരമാവധി അഞ്ച് ലക്ഷം രൂപ വരെയാണ് വായ്പയായി ലഭിക്കുന്നത്. വായ്പ കൃത്യമായി അടക്കുന്ന ഗുണഭോക്താക്കൾക്ക് വായ്പ തുകയുടെ 20 ശതമാനം അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. കോവിഡ് 19 ബാധിച്ചു മരണമടഞ്ഞവരുടെ ആശ്രിതരായ 18 നും 55 നും മദ്ധ്യേ പ്രായമുള്ള വനിതകൾക്കാണ് വായ്പ ലഭിക്കുക. അപേക്ഷകർ കേരളത്തിലെ സ്ഥിര താമസക്കാർ ആയിരിക്കണം. വിശദവിവരങ്ങളും അപേക്ഷയും www.k-sw-d-c.or-g യിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471245485, 9496015015.

## ധനസഹായത്തിന് അപേക്ഷിക്കാം

സ്വയംതൊഴിൽ പദ്ധതി പ്രകാരം നിലവിൽ വിമുക്തഭട ൻമാർ നടത്തുന്ന സംരംഭങ്ങളിൽ ബാങ്കുകളിൽ നിന്നോ കേന്ദ്രസംസ്ഥാന ഏജൻസികളിൽ നിന്നോ ലോണുകൾ സ്വീകരിച്ച് സ്വയം തൊഴിൽ പദ്ധതികൾ വിജയകരമായി നടത്തി വരുന്ന വിമുക്തഭടൻമാരിൽ നിന്നും അവരുടെ വിധവകളിൽ നിന്നും ഒറ്റത്തവണ ടോപ് അപ് ആയി തുക നൽകുന്നതിന് അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷയും അവശ്യ രേഖകളും ഫെബ്രുവരി 25 ന് മുൻപായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ സമർപ്പിക്കണമെന്ന് ജില്ല സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ 04742792987

## അപേക്ഷ ക്ഷണിച്ചു

കൊല്ലം : സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 20. കൂടുതൽ വിവരങ്ങൾക്ക് 9846033001, 8281114464.

## ടെണ്ടർ ക്ഷണിച്ചു

കൊല്ലം : ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ മൊബൈൽ അക്വാലാബിനായി വാട്ടർ പ്രൂഫ് സൈബർ സ്കാൻ വാങ്ങുന്നതിനായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. നികുതി ഉൾപ്പെടെയുള്ള വിലയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. ഫോം സ്വീകരിക്കുന്ന ഫെബ്രുവരി 21 വൈകിട്ട് അഞ്ച് മണിക്കകം സമർപിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0474 2792850, 9447192850, 9496007027. ജില്ലാ മെഡിക്കൽ ഓഫീസിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കുള്ള സ്പെയർ പാർട്സുകൾ വിതരണത്തിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. ഫെബ്രുവരി 11 ഉച്ചയ്ക്ക് 1 മണി വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭിക്കും.

## താത്ക്കാലിക ഒഴിവ്

കൊല്ലം : ഐ. എച്ച്. ആർ. ഡി. കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്ക് കോളേജിൽ ലക്ചറർ ഇൻ ഇലക്ട്രിക്കൽ, ഡെമോൺസ്ട്രേറ്റർ ഇൻ ഇലക്ട്രിക്കൽ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് താൽക്കാലിക ഒഴിവുണ്ട്.

ലക്ചറർ ഇൻ ഇലക്ട്രിക്കലിന് ബിടെക് ഇലക്ട്രിക് എഞ്ചിനീയറിംഗിൽ ഫസ്റ്റ്ക്ലാസ്, ഡെമോൺസ്ട്രേറ്റർ ഇൻ ഇലക്ട്രിക്കലിന് ഡിപ്ലോമ ഇൻ ഇലക്ട്രിക്കലിൽ ഫസ്റ്റ് ക്ലാസ്, ഡേറ്റാ എൻട്രി ഓപ്പറേറ്ററിന് സിഒ ആന്റ് പിഎ അല്ലെങ്കിൽ ഒരു വർഷ ദൈർഘ്യമുള്ള സർക്കാർ അംഗീകൃത ഡേറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓട്ടോമേഷൻ എന്നിവയാണ് യോഗ്യത. നിശ്ചിത യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്ക് കോളേജിന്റെ മാളിയേക്കൽ ജംഗ്ഷനിലുള്ള ഓഫീസിൽ ഫെബ്രുവരി 11ന് രാവിലെ 10ന് എത്തണം. കൂടുതൽ വിവരങ്ങൾക്ക് 8547005083.

## ഓൺലൈൻ പരിശീലനം

കൊല്ലം : ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണപരിശീലനവികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 'പാലും പാലുൽപ്പന്നങ്ങളും ഭക്ഷ്യസുരക്ഷാ നിയമത്തിൽ ഉത്പാദകരും ഉപഭോക്താക്കളും അറിയേണ്ടതെല്ലാം' എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. ഫെബ്രുവരി 11 ന് രാവിലെ 10 മണി മുതൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ രാവിലെ 10 മണി വരെ 9947775978 വാട്സ്ആപ് നമ്പറിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0476 2698550.



കൊടിഞ്ഞിമൂല വേങ്കോട് പാലത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി ശ്രീ.പി.എ.മുഹമ്മദ് റിയാസ് നിർവഹിച്ചു

# ഉത്സവങ്ങൾക്ക് 1500 പേർക്ക് പങ്കെടുക്കാം; റോഡിൽ പൊങ്കാലയില്ല

തിരുവനന്തപുരം: കോവിഡ് വ്യാപനം കുറഞ്ഞ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഉത്സവങ്ങൾക്ക് കൂടുതൽ ഇളവ് അനുവദിച്ചു. ഉത്സവങ്ങളിൽ പരമാവധി 1500 പേരെ പങ്കെടുപ്പിക്കാൻ സംസ്ഥാന സർക്കാർ അനുമതി നൽകി. ആലുവ ശിവരാത്രി, ആറ്റുകാൽ പൊങ്കാല തുടങ്ങിയ ഉത്സവങ്ങൾക്കാണ് ഇളവ് അനുവദിച്ചത്. മാരാമൺ കൺവെൻഷനും ഇളവ് അനുവദിച്ചു.

25 ചതുരശ്രഅടിയിൽ ഒരാൾ എന്ന നിലയിലാണ് ആളുകളെ നിയന്ത്രിക്കേണ്ടത്. ക്ഷേത്രത്തിൻറെ സ്ഥല വിസ്തീർണത്തിൻറെ അടിസ്ഥാനത്തിൽ പരമാവധി ആളുകളെ നിശ്ചയിക്കുന്ന കാര്യത്തിൽ കളക്ടർമാർക്ക് തീരുമാനമെടുക്കാം. പങ്കെടുക്കുന്നവർക്ക് ആർടിപിസിആർ സർട്ടിഫിക്കറ്റ് നിർബന്ധമാണ്. മൂന്നു മാസത്തിനകം കോവിഡ് വന്നവർക്കും പങ്കെടുക്കാം.

18 വയസിന് താഴെയുള്ള കുട്ടികൾക്ക് രോഗലക്ഷണങ്ങളില്ലെങ്കിൽ കുടുംബത്തോടൊപ്പം ഉത്സവങ്ങളിൽ പങ്കെടുക്കാം. ഇത്തവണയും ആറ്റുകാൽ പൊങ്കാല റോഡിൽ അനുവദിക്കില്ല. കഴിഞ്ഞതവണത്തെ പോലെ ക്ഷേത്രത്തിലും വീട്ടിലും പൊങ്കാല സമർപ്പിക്കാം. പന്തലുകളിൽ ഭക്ഷണ വിതരണം പാടില്ല. സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്ന തിങ്കളാഴ്ച മുതൽ അംഗൻവാടികൾ തുറന്നു പ്രവർത്തിക്കാനും അനുമതി നൽകി.

# വിജ്ഞാപനം റദ്ദാക്കി

കൊല്ലം : സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി പ്രൊബേഷൻ നിയമത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് ഒരു ഷോർട്ട് ഫിലിം/ വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് 2021 ഡിസംബർ ഒമ്പതിനു ക്ഷണിച്ചിരുന്ന താൽപ്പര്യപത്രം സാങ്കേതിക കാരണങ്ങളാൽ റദ്ദ് ചെയ്തതായി ഡയറക്ടർ അറിയിച്ചു. പുതുക്കിയ വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കും.

# മാരാമൺ കൺവെൻഷൻ; കെഎസ്ആർടിസി സ്പെഷ്യൽ സർവീസ് നടത്തും

തിരുവനന്തപുരം: ഈ മാസം 13 മുതൽ 20 വരെ നടത്തുന്ന മാരാമൺ കൺവെൻഷൻ സ്ഥലത്തേക്ക് കെഎസ്ആർടിസി സ്പെഷ്യൽ സർവീസ് നടത്തും.

ഇതിനായി അഞ്ച് ബസുകൾ വീതം ഗതാഗത വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും അറിയിച്ചതനുസരിച്ച് പത്തനംതിട്ട, തിരുവല്ല ഡിപ്പോകൾക്ക് അനുവദിച്ചു.

തിരുവല്ല ഡിപ്പോയിൽ നിന്നും തിരുവല്ല കോഴഞ്ചേരി മാരാമൺ അധിക സർവ്വീസുകൾ നടത്തും. പത്തനംതിട്ടയിൽ നിന്നും സമീപ പ്രദേശങ്ങളിൽ നിന്നും മാരാമണിലേക്ക് സർവ്വീസുകൾ ക്രമീക്കണങ്ങളും നടത്തിയതായി സിഎംഡി അറിയിച്ചു. ഇതിനായി പത്തനംതിട്ട യൂണിറ്റ് ഓഫീസർക്ക് പൂർണ ചുമതലയും, തിരുവല്ല യൂണിറ്റ് ഓഫീസർക്ക് മാരാമൺ കൺവെൻഷൻ സെന്ററിലേക്ക് ആവശ്യത്തിന് ജീവനക്കാരെ ഉൾപ്പെടുത്തി സർവ്വീസ് നടത്താനുള്ള ചുമതലയും.

താത്കാലിക സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസും പ്രവർത്തിക്കാനുള്ള അനുമതിയും നൽകി.

പൊതുമരാമത്ത് വകുപ്പിൽ പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം ഉടൻ നടപ്പാക്കും; മന്ത്രി പി.എ മുഹമ്മദ് റിയാസ്

പൊതുമരാമത്ത് വകുപ്പിന്റെ ഓരോ പദ്ധതിയെയും കുറിച്ച് ജനങ്ങൾക്ക് അറിയാനും സുതാര്യത ഉറപ്പു വരുത്താനും സമബന്ധിതമായി അവ പൂർത്തീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം ഉടൻ നടപ്പാക്കുമെന്ന് മന്ത്രി.പി.എ മുഹമ്മദ് റിയാസ്. അനാവശ്യ കാലതാമസം ഒഴിവാക്കുന്നിതിനും വേണ്ട ഇടപെടലുകൾ നടത്താനും ഗുണമേന്മ ഉറപ്പാക്കാനും ഇത് സഹായിക്കുമെന്നും മന്ത്രി പറഞ്ഞു. പാറശാല മണ്ഡലത്തിൽ വെള്ളനാട്, കുന്നത്തുകാൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വേങ്കോട് കൊടിഞ്ഞിമൂല പാലത്തിന്റെ നിർമാണ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ നിരവധി ഇടപെടലുകളാണ് വകുപ്പ് നടത്തി വരുന്നത്. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ വർക്കിംഗ് കലണ്ടറിന് രൂപം കൊടുത്തു വരുന്നു. കേരളത്തിലെ വ്യത്യസ്തമായ കാലാവസ്ഥ കണക്കിലെടുത്ത് ഓരോ മാസത്തിലും ചെയ്യേണ്ട കാര്യങ്ങൾ കലണ്ടർ അനുസരിച്ച് നടപ്പാക്കും. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ, ആസ്തികൾ എന്നിവയൊക്കെ നിരീക്ഷിക്കാനും പോരായ്മകൾ ചൂണ്ടിക്കാണിക്കാനും മണ്ഡല അടിസ്ഥാനത്തിൽ കോൺസ്റ്റിറ്റിയുൻസി മോണിറ്ററിംഗ് ടീമിനും രൂപം കൊടുത്തിട്ടുണ്ട്. 140 മണ്ഡലങ്ങളിലും ഒരോ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തും. ഇങ്ങനെ പൊതുമരാമത്തുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ നവീനമായ ആശയങ്ങളാണ് വകുപ്പ് നടത്തി വരുന്നതെന്നും മന്ത്രി പറഞ്ഞു.

15,000 കോടി രൂപയുടെ പശ്ചാത്തല വികസന പ്രവൃത്തികളാണ് ഇപ്പോൾ വിവിധ ഘട്ടങ്ങളിലുള്ളത്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 30 പാലം പ്രവൃത്തികൾക്ക് അംഗീകാരം നൽകി. 228.73 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. അടുത്ത ആറു മാസത്തിനുള്ളിൽ 22 പാലങ്ങളുടെ നിർമാണം പൂർത്തിയാകും. കൂടാതെ 21 പാലങ്ങൾ പുതുതായി നിർമിക്കാനും തീരുമാനിച്ചിട്ടുണ്ട്. 15000 കിലോമീറ്റർ റോഡ് ബി.എം.ബി.സി നിലവാരത്തിൽ ഉയർത്താനുള്ള പദ്ധതിയും തയ്യാറായി വരുന്നതായി മന്ത്രി കൂട്ടിച്ചേർത്തു.

വേങ്കോട് പാലത്തിന്റെ ശിലാസ്ഥാപനം സി.കെ.ഹരീന്ദ്രൻ എം.എൽ.എ നിർവഹിച്ചു. 3.10 കോടി രൂപ അടങ്കലിൽ നിർമിക്കുന്ന പാലത്തിന് 11 മീറ്റർ വീതിയും 8.45 മീറ്റർ നീളുവുമുണ്ടാകും. മലയോര ഹൈവേയുമായി ബന്ധിപ്പിക്കുന്ന റോഡ, പാലം പണി പൂർത്തിയായാലുടൻ ബി.എം.ബി.സി നിലവാരത്തിലേക്ക് ഉയർത്തുമെന്നും തമിഴ്നാടുമായുള്ള വാണിജ്യ വ്യാപാര മേഖലയിലെ മുഖ്യ പാതയായി ഇത് മാറുമെന്നും സി.കെ ഹരീന്ദ്രൻ എം.എൽ.എ പറഞ്ഞു.

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.ലാൽകൃഷ്ണൻ, ജില്ലാ പഞ്ചായത്തംഗം അൻസജിത റസ്സൽ, ത്രിതല പഞ്ചായത്തംഗങ്ങൾ, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ, പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എൻജിനീയർ കെ.എസ്.വിനോദ് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എസ്.സജീവ്, അസിസ്റ്റന്റ് എൻജിനീയർ എം.പി വിഷ്ണു തുടങ്ങിയവരും പങ്കെടുത്തു.

# ദാരിദ്ര്യം മാനസികാവസ്ഥയാണെന്ന് പറഞ്ഞിരുന്നു; രാഹുലിനെ പരിഹസിച്ച് നിർമല സീതാരാമൻ

ന്യൂഡൽഹി: ബജറ്റിൽ ദരിദ്രജനങ്ങളെ അവഗണിച്ചെന്ന പ്രതിപക്ഷ വിമർശനങ്ങളെ ധനമന്ത്രി നിർമല സീതാരാമൻ നേരിട്ട് രാഹുൽ ഗാന്ധിയുടെ വിവാദ പരാമർശത്തെ കൂട്ടുപിടിച്ച്. ദാരിദ്ര്യം മാനസികാവസ്ഥയാണെന്ന 2013 ലെ രാഹുൽ ഗാന്ധി എംപിയുടെ പരാമർശമാണ് പ്രതിപക്ഷത്തിനെ അടിക്കാൻ ധനമന്ത്രി തെരഞ്ഞെടുത്തത്.

ദാരിദ്ര്യം ഭക്ഷണത്തിൻറെയോ പണത്തിൻറെയോ ഭൗതിക വസ്തുക്കളുടെയോ ദൗർലഭ്യമല്ല. ആത്മവിശ്വാസമുണ്ടെങ്കിൽ ദാരിദ്ര്യത്തെ മറികടക്കാമെന്നായിരുന്നു രാഹുലിൻറെ വിവാദ പ്രസ്താവന.

'നിങ്ങളുടെ മുൻ അധ്യക്ഷൻ പറഞ്ഞത്: ദാരിദ്ര്യം എന്നാൽ ഭക്ഷണത്തിൻറെയോ പണത്തിൻറെയോ ഭൗതിക വസ്തുക്കളുടെയോ ദൗർലഭ്യമല്ല. ഒരാൾക്ക് ആത്മവിശ്വാസമുണ്ടെങ്കിൽ അതിനെ മറികടക്കാൻ കഴിയും. ഇതൊരു മാനസികാവസ്ഥയാണെന്നാണ് പറഞ്ഞത്. ആളുടെ പേര് പറയുന്നില്ല, പക്ഷേ അത് ആരാണെന്ന് ഞങ്ങൾക്കറിയാം' നിർമല സീതാരാമൻ പറഞ്ഞു.

'നിങ്ങൾ വ്യക്തമാക്കണം, ഞാൻ സംബോധന ചെയ്യണമെന്ന് പറയുന്നത് ഈ ദാരിദ്ര്യത്തെയാണോ മനസിൻറെ ദാരിദ്ര്യം!' ധനമന്ത്രി പരിഹസിച്ചു.

2014 ന് ശേഷം ഇന്ത്യയിൽ അമൃതകാലമല്ലെന്നും രാഹുകാലമാണെന്ന കോൺഗ്രസ് നേതാവിൻറെ പരാമർശത്തിനു ശേഷമായിരുന്നു സീതാരാമൻറെ മറുപടി. കഴിഞ്ഞ 65 വർഷങ്ങളിൽ ഒരു കുടുംബത്തിന് നേട്ടമുണ്ടാക്കുക എന്നതല്ലാതെ കോൺഗ്രസിന് ഒരു കാഴ്ചപ്പാടും ഇല്ലായിരുന്നു ധനമന്ത്രി ആരോപിച്ചു.

സ്വന്തം പാർട്ടിയുടെ പ്രധാനമന്ത്രി കൊണ്ടുവന്ന ഓർഡിനൻസ് മാധ്യമങ്ങൾക്ക് മുന്നിൽ കീറി എറിഞ്ഞപ്പോഴായിരുന്നു രാഹുകാലം അവർ പറഞ്ഞു. 2013 ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് അന്നത്തെ കോൺഗ്രസ് വൈസ് പ്രസിഡൻറായിരുന്ന രാഹുൽ ഗാന്ധി കീറിയെറിഞ്ഞത് വിവാദമായിരുന്നു.

### എംപ്ലോയബിലിറ്റി സെന്ററിൽ അഭിമുഖം

കൊല്ലം : സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്കായി ഫെബ്രുവരി 11ന് രാവിലെ 10 മണിക്ക് ജില്ലാ എംപ്ലോയബിലിറ്റി സെന്ററിൽ അഭിമുഖം നടത്തും. പ്ലസ്ടു അടിസ്ഥാന യോഗ്യതയുള്ള 18നും 35നും ഇടയിൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 8714835683,04742740615.

# പി.വി. അൻവറിൻറെ അനധികൃത നിർമാണങ്ങൾ ഇന്ന് പൊളിച്ചുനീക്കും

മലപ്പുറം: പി.വി. അൻവർ എംഎൽഎയുടെ ഭാര്യ പിതാവിൻറെ ഉടമസ്ഥതയിലുള്ള അനധികൃത നിർമാണങ്ങൾ ഇന്ന് പൊളിച്ചു നീക്കും. ചീങ്കണ്ണിപ്പാറയിലെ തടയണയും റോപ്പ് വേയും ബോട്ട് ജെട്ടിയുമാണ് പൊളിച്ചു നീക്കുന്നത്. ഓംബുഡ്സ്മാൻറെ ഉത്തരവിനെ തുടർന്ന് ഊർങ്ങാട്ടിരി പഞ്ചായത്തിൻറെ നേതൃത്വത്തിലാണ് നടപടി.

റസ്റ്റൊറൻറ് നിർമിക്കാനെന്ന് അനുമതി വാങ്ങിച്ചാണ് അൻവറിൻറെ ഭാര്യാപിതാവ് അബ്ദുൾ ലത്തീഫ് ഊർങ്ങാട്ടിരി പഞ്ചായത്തിൽനിന്ന് അനുമതി നേടിയത്.

അനുമതിയുടെ മറവിൽ അനധികൃത നിർമാണങ്ങൾ നടത്തിയെന്നായിരുന്നു ഓംബുഡ്സ്മാന് ലഭിച്ച പരാതി.

പരാതി സത്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് നിർമാണങ്ങൾ പൊളിച്ചുനീക്കാൻ രണ്ടുതവണ ഓംബുഡ്സ്മാൻ ഉത്തരവിട്ടിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ നീണ്ടുപോകുകയായിരുന്നു. തുടർന്ന് നിർമാണങ്ങൾ പൊളിച്ചുനീക്കണമെന്ന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ വീണ്ടും ഉത്തരവിട്ടു.

നിർമാണങ്ങൾ പൊളിച്ചു നീക്കാൻ രണ്ടാഴ്ചത്തെ സാവകാശം വേണമെന്ന് അബ്ദുൾ ലത്തീഫ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓംബുഡ്സ്മാൻ അത് അനുവദിച്ചില്ല.

# ഒമ്പത്കാരന് പീഡനം, പ്രതിക്ക് ഇരുപത് വർഷം കഠിനതടവ്

തിരുവനന്തപുരം : ഒമ്പത് വയസ്സുകാരനെ പീഡിപ്പിച്ച കേസിൽ പ്രതിയായ കാലടി മരുതൂർക്കടവ് സ്വദേശി ജയകുമാറി(53)നെ ഇരുപത് വർഷം കഠിന തടവിനും അമ്പതിനായിരം രൂപ പിഴയ്ക്കും തിരുവനന്തപുരം അതിവേഗ സ്പെഷ്യൽ കോടതി ശിക്ഷിച്ചു. പിഴ അടച്ചില്ലെങ്കിൽ ആറ് മാസം കൂടുതൽ തടവ് അനുഭവിക്കണമെന്നും ജഡ്ജി ആർ.ജയകൃഷ്ണൻ വിധിയിൽ പറയുന്നുണ്ട്.

2019 ജൂൺ 27 വൈകിട്ട് ആറോടെയാണ് കേസിനാസ്പദമായ സംഭവം നടന്നത്. ഓട്ടോ ഡ്രൈവറായ പ്രതിയുടെ വീടിന്റെ മുകളിലത്തെ നിലയിലാണ് കുട്ടി വാടകയ്ക്ക് താമസിക്കുന്നത്. ട്യൂഷൻ കഴിഞ്ഞിട്ട് മൂന്നാം ക്ലാസ്സ്കാരനായ കുട്ടി തിരിച്ച് വരവെ പ്രതി കുട്ടിയെ തന്റെ വീട്ടിനുള്ളിലേക്ക് വിളിച്ചു. തുടർന്ന് കുട്ടിയെ അകത്തുള്ള മുറിയിലേക്ക് കൊണ്ട് പോയി. പ്രതി കുട്ടിയെ തന്റെ മടിയിൽ പിടിച്ചിരുത്തിയതിന് ശേഷം കുട്ടിയുടെ നിക്കർ ഊരി ലൈംഗീമായി പീഡിപ്പിച്ചു. കുട്ടി തന്നെ വിടാൻ ആവശ്യപ്പെട്ടെങ്കിലും പ്രതി വഴങ്ങിയില്ല. പീഡനത്തിൽ ഭയന്ന കുട്ടി പ്രതിയെ തള്ളി മാറ്റിയതിന് ശേഷം ഓടി വീട്ടിലേക്ക് പോയി. ഈ സമയം പ്രതി കുട്ടിയെ ബലമായി തടഞ്ഞ് വെച്ചതിന് ശേഷം ഇത് ആരടത്തും പറയരുതെന്ന് പറഞ്ഞു. പ്രതിയുടെ വീട്ടിലാണ് കുട്ടിയും വീട്ടുകാരും വാടകയ്ക്ക് താമസിച്ചിരുന്നത്.അച്ഛൻ ഈ സമയം വിദേശത്തായിരുന്നു ജോലി. പ്രതിയെ ഭയന്ന് കുട്ടി അമ്മയോട് വിവരം പറഞ്ഞില്ല. ഒരാഴ്ച കഴിഞ്ഞ് വീട്ടുകാർ വെളിയിൽ പോകാൻ തുടങ്ങവെ കുട്ടിയെ പ്രതിയുടെ വീട്ടിൽ നിൽക്കാൻ പറഞ്ഞപ്പോൾ കുട്ടി കരഞ്ഞു.ഇതിനെ സംബന്ധിച്ച് ചോദിച്ചപ്പോഴാണ് കുട്ടി പീഡന വിവരം പുറത്ത് പറഞ്ഞത്. എന്നാൽ പ്രതി വീട്ടുടമയായതിൽ പരാതി കൊടുക്കാൻ വീട്ടുകാർ ഭയന്നു. ഉടനെ വേറെ വീട്ടിലേക്ക് മാറിയതിന് ശേഷമാണ് ഫോർട്ട് പൊലീസിൽ പരാതി നൽകിയത്.പ്രതി മറ്റൊരു കുട്ടിയെ പീഡിപ്പിച്ചതായും പരാതിയുണ്ട്. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ആർ.എസ്.വിജയ് മോഹൻ ഹാജരായി. നഷ്ടപരിഹാരം കുട്ടിക്ക് നൽക്കണമെന്നും സർക്കാർ നഷ്ടപരിഹാരം നൽകണമെന്നും വിധിയിലുണ്ട്. ഫോർട്ട് എസ് ഐയായിരുന്ന എം.കെ.പ്രമോജാണ് കേസ് അന്വേഷിച്ചത്.പത്ത് സാക്ഷികളേയും പന്ത്രണ്ട് രേഖകളും പ്രോസിക്യൂഷൻ ഹാജരാക്കി.

# അനന്തപുരി എഫ്എമ്മിൽ ഏകപക്ഷീയമായി വരുത്തിയ മാറ്റങ്ങൾ പിൻവലിക്കണം ജോൺ ബ്രിട്ടാസ് എംപി

ഓൾ ഇന്ത്യ റേഡിയോയുടെ കീഴിൽ കേരളത്തിൽ പ്രവർത്തിച്ചുവരുന്ന അനന്തപുരി എഫ്എമ്മിന്റെ പേര് മാറ്റിയ നടപടിയേയും മലയാളം പ്രക്ഷേപണ സമയദൈർഘ്യത്തിൽ കുറവ് വരുത്തി ഹിന്ദി പരിപാടികൾ ഉൾപ്പെടുത്തിയ നടപടിയേയും നിശിതമായി വിമർശിച്ചുകൊണ്ട് പ്രസ്തുത നടപടികൾ അടിയന്തരമായി പിൻലിക്കണമെന്ന് ആവശ്യപ്പെട്ട് രാജ്യസഭാംഗം ജോൺ ബ്രിട്ടാസ് എംപി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രിക്കും പ്രസാർഭാരതി സിഇഒയ്ക്കും കത്തുകളയച്ചു. കേരളത്തിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന അനന്തപുരി എഫ്എം സ്റ്റേഷന്റെ പേരും പരിപാടികളുടെ ഉള്ളടക്കവും ഒരു സുപ്രഭാതത്തിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ തികച്ചും ഏകപക്ഷീയമായും സ്വേച്ഛാധിപത്യപരമായും ഡൽഹിയിൽ നിന്നുള്ള ഉന്നതരുടെ നിർദ്ദേശപ്രകാരം മാറ്റുകയായിരുന്നു. കേരളത്തിന്റെ തലസ്ഥാന ജില്ലയ്ക്ക് വേണ്ടി പ്രവർത്തിക്കുന്ന എഫ് എം സ്റ്റേഷൻ എന്ന നിലയിൽ തലസ്ഥാനത്തിന്റെ തന്നെ പ്രചുര പ്രചാരത്തിലുള്ള മറ്റൊരു പേരായ അനന്തപുരി എന്ന നാമമാണ് എഫ് എം സ്റ്റേഷന് നൽകിയിരുന്നതെങ്കിലും ഇപ്പോൾ യാതൊരുവിധ കൂടിയാലോചനയുമില്ലാതെയാണ് ആയത് 'വിവിധ് ഭാരതി മലയാളം' എന്നാക്കി മാറ്റിയത്. ശ്രോതാക്കളുടെയോ ഈ മേഖലയുമായി ബന്ധപ്പെട്ട മറ്റുള്ളവരുടെയോ അഭിപ്രായം പോലും ആരായാതെ കഴിഞ്ഞ ഏതാനും നാളുകളായി പരിപാടികളുടെ ഉള്ളടക്കത്തിൽ മാറ്റം വരുത്തി മലയാളം പരിപാടികളുടെ സ്ഥാനത്ത് ഹിന്ദി പരിപാടികൾ കുത്തിത്തിരുകി ഏകപക്ഷീയമായും രഹസ്യാത്മകമായും വരുത്തിയ മാറ്റം സ്ഥിരം ശ്രോതാക്കളെ ഈ സ്റ്റേഷൻ കേൾക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്ന അവസ്ഥ സംജാതമാക്കിയിട്ടുണ്ട്. ഇത്തരം നടപടികൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിനും ബഹുസ്വരതയ്ക്കും എതിരാണ്. രാജ്യത്ത് നിലവിലുള്ള ഭാഷാ സാംസ്കാരിക സാമൂഹിക വൈവിധ്യങ്ങളെ അടിച്ചമർത്തി ഏകശിലാഘടനയിലുള്ള ഒരു കേന്ദ്രീകൃത ഭരണശൈലി കൊണ്ടുവരുന്നതിനുള്ള വിപുലമായ ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് ഇപ്രകാരമുള്ള പ്രാദേശിക ചാനലുകളിലും പരിപാടികളിലും ഏകപക്ഷീയമായ മാറ്റങ്ങൾ വരുത്തി ഹിന്ദിക്ക് പ്രാമുഖ്യം നൽകാൻ ശ്രമിക്കുന്നത്.

രാജ്യത്തെ ഭാഷാ, സാംസ്കാരിക വൈവിധ്യങ്ങളും സർഗാത്മകതയും പരിപോഷിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായാണ് ഓൾ ഇന്ത്യ റേഡിയോയുടെ കീഴിൽ പ്രാദേശിക എഫ്എം സ്റ്റേഷനുകൾ ആരംഭിച്ചിരുന്നത്. എന്നാൽ ഈ അടിസ്ഥാന ആശയത്തിന്റെ കടയ്ക്കൽ തന്നെ കത്തി വെക്കുന്ന നടപടിയാണ് ഇപ്പോൾ ഓൾ ഇന്ത്യ റേഡിയോ ആസ്ഥാനത്തു നിന്നും ഉണ്ടായിരിക്കുന്നത്. പ്രാദേശിക എഫ്എം ചാനലുകളുടെ അടിസ്ഥാനപരമായ നയങ്ങളിൽ മാറ്റം വരുത്തുമ്പോൾ ശ്രോതാക്കളുടെയും ബന്ധപ്പെട്ട മറ്റുള്ളവരുടെയും സംസ്ഥാന സർക്കാരുകളുടെയും അഭിപ്രായം തേടുക എന്ന ജനാധിപത്യ മര്യാദ പോലും പാലിക്കാതെയാണ് ഇപ്രകാരം രഹസ്യാത്മകവും സ്വേച്ഛാധിപത്യപരവുമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളത്. ഇപ്രകാരം ബന്ധപ്പെട്ടവരെ പൂർണമായും ഇരുട്ടിൽ നിർത്തിക്കൊണ്ട് എടുത്ത തീരുമാനം രാജ്യത്തിന്റെ ഭരണഘടന മൂല്യങ്ങളേയും ഫെഡറലിസത്തിനേയും ബഹുസ്വരതയേയും സാംസ്കാരിക ഭാഷാവൈവിധ്യങ്ങളേയും തകർക്കുന്ന നടപടിയാണ്. ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റും പ്രസാർഭാരതിയും വേണ്ട തിരുത്തൽ നടപടികൾ എത്രയും വേഗം കൈക്കൊള്ളുമെന്ന് എംപി പ്രത്യാശ പ്രകടിപ്പിച്ചു.

# കടൽ തീരങ്ങളിലെ ശുചിത്വ യജ്ഞം

ന്യൂഡൽഹി : കേരളം ഉൾപ്പെടെ 10 തീരദേശ സംസ്ഥാനങ്ങളിലെ/കേന്ദ്ര ഭരണ പ്രദേശങ്ങളിലെ 50 കടൽത്തീരങ്ങളിൽ 2019 നവംബർ 11 മുതൽ 17 വരെ 'സ്വച്ഛ്നിർമൽ തട്ട് അഭിയാൻ' എന്ന പേരിൽ കടൽത്തീര ശുചിത്വ അവബോധന യജ്ഞം, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം സംഘടിപ്പിച്ചു.

2021 ഒക്ടോബറിൽ 75ാമത് ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഐകോണിക് വാരത്തിൽ കാപ്പാട് (കേരളം) ഉൾപ്പെടെയുള്ള ബ്ലൂ ഫ്ലാഗ് ബീച്ചുകളിൽ മറ്റൊരു പരിപാടിയും സംഘടിപ്പിച്ചു.

വിദ്യാർഥികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സിവിൽ സൊസൈറ്റി സംഘടനകൾ തുടങ്ങിയവർ സ്വമേധയാ ഈ യജ്ഞത്തിൽ പങ്കാളികളായി. ബോധവത്കരണ യജ്ഞവും ക്വിസ് മത്സരങ്ങളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

ഈ മന്ത്രാലയം ആരംഭിച്ച ബീച്ച് എൻവൈറൺമെന്റ് & ഈസ്തെറ്റിക് മാനേജ്മെന്റ് സർവീസ് (ആഌഅങടട) പരിപാടിക്ക് കീഴിൽ, മലിനീകരണം കുറയ്ക്കൽ, കടൽത്തീര സൗന്ദര്യവൽക്കരണം, ബോധവൽക്കരണ പരിപാടി, നിരീക്ഷണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 6 സംസ്ഥാനങ്ങളിലും 3 കേന്ദ്രഭരണ പ്രദേശങ്ങളിലും സ്ഥിതി ചെയ്യുന്ന 10 കടൽത്തീരങ്ങളെ സുസ്ഥിര അടിസ്ഥാന സൗകര്യങ്ങളുള്ള മികച്ച അന്താരാഷ്ട്ര ബീച്ചുകൾക്ക് തുല്യമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ബീച്ചുകൾക്ക് 202122 സാമ്പത്തിക വർഷത്തിൽ അന്താരാഷ്ട്ര അംഗീകാരമുള്ള ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഈ ബ്ലൂ ഫ്ലാഗ് ബീച്ചുകളിൽ, വ്യത്യസ്ത ആശയങ്ങളിൽ അഞ്ച് പരിസ്ഥിതി ബോധവൽക്കരണ വാർഷിക പരിപാടികൾ സംഘടിപ്പിക്കുന്നു: (ശ) സമുദ്ര മലിനീകരണ നിർമാർജനത്തിന്റെ പ്രാധാന്യം (ശശ) കടൽത്തീര ആവാസവ്യവസ്ഥയുടെ സംരക്ഷണം (ശശശ) തീരദേശ ജൈവവൈവിധ്യവും അതിന്റെ പരസ്പരാശ്രിതത്വവും (ശ്) ബ്ലൂ ഫ്ലാഗുംസുസ്ഥിര വികസന ലക്ഷ്യങ്ങൾ (്) കടൽത്തീരസുരക്ഷാ നടപടികൾ.

ഇന്ന് രാജ്യ സഭയിൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന സഹമന്ത്രി ശ്രീ അശ്വിനി കുമാർ ചൗബെയാണ് ഈ വിവരം അറിയിച്ചത്.

# സൗജന്യ പരിശീലനം

കൊല്ലം : പട്ടികജാതി വികസനവകുപ്പ് പട്ടികജാതി വിഭാഗത്തിലെ 18 നും 35നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കൾക്കായി റൂഫ് ടോപ്പ് സോളാർ പി.വി. പവർ പ്ലാന്റ്സ് സൗജന്യപരിശീലനം നൽകുന്നു. സിഡിറ്റ് മുഖേന നടത്തുന്ന ഒരു മാസം ദൈർഘ്യമുള്ള കോഴ്സിൽ പങ്കെടുക്കാൻ ഫെബ്രുവരി 16ന് രാവിലെ 10.30ന് സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിലുള്ള ജില്ല പട്ടികജാതി വികസന ഓഫീസിൽ നടക്കുന്ന വോക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. യോഗ്യതവി.എച്ച്.എസ്.സി/ഐ.ടി/ഡിപ്ലോമ/ഡിഗ്രി/അംഗീകൃത വയർമാൻ ലൈസൻസ്.

വെള്ളപേപ്പേറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി, ജാതി/വരുമാന സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ രേഖകൾ എന്നിവയുടെ ഒറിജിനലും പകർപ്പും സഹിതമാണ് അപേക്ഷകർ എത്തേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 0474 2794996.

# ഖാദി റിബേറ്റ്

കൊല്ലം : സർവോദയപക്ഷത്തിന്റെ ഭാഗമായി ഖാദി തുണിത്തരങ്ങൾക്ക് ഇന്ന് (ഫെബ്രുവരി 9) മുതൽ 14 വരെ 20 30 ശതമാനം വരെ പ്രത്യേക റിബേറ്റ് ഉണ്ടാകും. സർക്കാർ അർദ്ധ സർക്കാർ ജീവനക്കാർക്ക് വ്യവസ്ഥകളോടെ ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യവും ലഭിക്കും. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കൊല്ലം കർബല, കൊട്ടാരക്കര, കരുനാഗപ്പള്ളി എന്നിവിടങ്ങളിലെ വിപണന ശാലകളിലും സഞ്ചരിക്കുന്ന വില്പനശാലയിലും അനുകൂല്യം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0474 2743587.

# ഇന്ന് 16,012 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

**ഇന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചവർ 1141; രോഗമുക്തി നേടിയവർ 43,087**

**കഴിഞ്ഞ 24 മണിക്കൂറിനിടെ 80,089 സാമ്പിളുകൾ പരിശോധിച്ചു**

തിരുവനന്തപുരം: കേരളത്തിൽ 16,012 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു എറണാകുളം 2732, തിരുവനന്തപുരം 1933, കൊല്ലം 1696, കോട്ടയം 1502, തൃശൂർ 1357, കോഴിക്കോട് 1258, ആലപ്പുഴ 1036, ഇടുക്കി 831, പത്തനംതിട്ട 785, മലപ്പുറം 750, പാലക്കാട് 686, കണ്ണൂർ 633, വയനാട് 557, കാസർഗോഡ് 256 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 80,089 സാമ്പിളുകളാണ് പരിശോധിച്ചത്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3,57,327 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 3,50,089 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 7238 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1141 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 2,05,410 കോവിഡ് കേസുകളിൽ, 3.6 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 27 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 214 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 251 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 61,626 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 57 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 14,685 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1140 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 130 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 43,087 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 5213, കൊല്ലം 6701, പത്തനംതിട്ട 2533, ആലപ്പുഴ 2959, കോട്ടയം 4135, ഇടുക്കി 1560, എറണാകുളം 6251, തൃശൂർ 3132, പാലക്കാട് 1923, മലപ്പുറം 2207, കോഴിക്കോട് 2447, വയനാട് 1479, കണ്ണൂർ 1814, കാസർഗോഡ് 733 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 2,05,410 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 61,13,257 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 100 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,68,61,219), 85 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (2,27,42,025) നൽകി.

ന്ന 15 മുതൽ 17 വയസുവരെയുള്ള 74 ശതമാനം (11,37,401) കുട്ടികൾക്ക് ആദ്യ ഡോസ് വാക്സിനും 11 ശതമാനം (1,72,090) പേർക്ക് രണ്ട് ഡോസ് വാക്സിനും നൽകി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (14,50,316) ഫെബ്രുവരി 4 മുതൽ ഫെബ്രുവരി 10 വരെയുള്ള കാലയളവിൽ, ശരാശരി 3,03,448 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 0.8 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 0.4 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്.

## സിഡിറ്റിൽ കരാർ നിയമനം

സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സിഡിറ്റ്) നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളിൽ കരാർ അടിസ്ഥാനത്തിൽ താത്ക്കാലിക നിയമനത്തിന് ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കണ്ടന്റ് ഡെവലപ്പർ, 2ഉ അനിമേറ്റർ, ഗ്രാഫിക് ഡിസൈനർ, ഇന്ററാക്ടീവ് മീഡിയ അസിസ്റ്റന്റ്, ടെക്നിക്കൽ റൈറ്റർ, പ്രോജക്ട് അസിസ്റ്റന്റ് തസ്തികകളിൽ അപേക്ഷിക്കാം. അപേക്ഷകൾ 15നകം ലഭിക്കണം. കൂടുതൽ വിവരങ്ങൾക്കും www.c-ar-e-er-s.c-d-i-t.or-g, www.c-d-i-t.or-g .

## വനിതാ കമ്മിഷനിൽ ഡപ്യൂട്ടേഷൻ ഒഴിവ്

കേരള വനിതാ കമ്മിഷനിൽ ഒഴിവുള്ള ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ സർവീസിൽ സമാന തസ്തികയിൽ സേവന മനുഷ്ഠിക്കുന്ന നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ സെക്രട്ടറി, കേരള വനിതാ കമ്മിഷൻ, പി.എം.ജി, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം - 695004 എന്ന വിലാസത്തിൽ ഫെബ്രുവരി 25-നകം ലഭ്യമാക്കണം.



ഐ.എൽ.ഡി.എമ്മിൽ എത്തിച്ച ഡിജിറ്റൽ സർവേയ്ക്കുള്ള അത്യാധുനിക ഉപകരണങ്ങൾ റവന്യൂ മന്ത്രി കെ. രാജൻ കാണാനെത്തിയപ്പോൾ

# സ്കൂൾ തുറക്കൽ : പരീക്ഷാ തീയതികളിൽ മാറ്റമില്ല

സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു. ഡി ഡി, ആർ ഡി ഡി, എ ഡി, ഡി ഇ ഒ തലത്തിലെ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. ഓൺലൈൻ യോഗമാണ് ചേർന്നത്.

ഫെബ്രുവരി 14 മുതൽ ഒന്ന് മുതൽ ഒമ്പത് വരെ ക്ളാസുകൾ വീണ്ടും ആരംഭിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സ്കൂളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. കഴിഞ്ഞ തവണ സ്കൂൾ തുറക്കുമ്പോൾ പുറത്തിറക്കിയ മാർഗരേഖ അനുസരിച്ചു തന്നെയാകും ഇത്തവണയും സ്കൂളുകൾ തുറക്കുക. നിശ്ചയിച്ച പാഠഭാഗങ്ങളിൽ എത്ര പഠിപ്പിച്ചു എന്ന കാര്യം യോഗം വിലയിരുത്തി. എസ് എസ് എൽ സിയിൽ ഏതാണ്ട് 90% വും ഹയർ സെക്കണ്ടറിയിൽ 75 % വും നിശ്ചയിച്ച പാഠഭാഗങ്ങൾ പഠിപ്പിച്ചതായി ഉദ്യോഗസ്ഥർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

സമയബന്ധിതമായി പാഠഭാഗങ്ങൾ പഠിപ്പിച്ചു തീരാത്ത വിദ്യാലയങ്ങൾ അധിക ക്ലാസ് നൽകി പാഠങ്ങൾ പഠിപ്പിച്ചു തീർക്കണം. പഠന വിടവ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് നികത്താനുള്ള നടപടികൾ കൈക്കൊള്ളും. ബി ആർ സി റിസോർസ് അധ്യാപകരുടെയും എസ് എസ് കെ ,ഡയറ്റ് അധ്യാപകരുടെയും സേവനം മലയോര പിന്നാക്ക മേഖലകളിൽ വിദ്യാർത്ഥികൾക്ക് പഠന സഹായത്തിനായി ലഭ്യമാക്കും.

അധ്യാപകരിലെ കോവിഡ് ബാധ മൂലം പഠനം തടസപ്പെടുന്നുണ്ടെങ്കിൽ ദിവസ വേതന നിരക്കിൽ താൽക്കാലിക അധ്യാപകരെ വെക്കാവുന്നതാണ്. ആഴ്ചയിലൊരിക്കൽ വിദ്യാലയങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലകളിലും ജില്ലകൾ അത് ക്രോഡീകരിച്ച് പൊതുവിദ്യാഭ്യാസ മന്ത്രിക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും റിപ്പോർട്ട് നൽകണം.

ഓഫ് ലൈൻ, ഓൺലൈൻ രൂപത്തിൽ ക്ളാസുകൾ ഉണ്ടാകും. പരീക്ഷാ തീയതികളിൽ മാറ്റമില്ല. മോഡൽ പരീക്ഷ നേരത്തെ നിശ്ചയിച്ച പ്രകാരം മാർച്ച് 16 ന് ആരംഭിക്കും.

## പെൻഷൻ അദാലത്ത്

തിരുവനന്തപുരം സൗത്ത് പോസ്റ്റൽഡിവിഷനിലെ പോസ്റ്റൽ അദാലത്ത് 2022 ഫെബ്രുവരി 22 ന് ഗൂഗിൾ മീറ്റ് വഴി വൈകുന്നേരം 3 മണിക്ക് നടത്തും. തിരുവനന്തപുരം സൗത്ത് പോസ്റ്റൽ ഡിവിഷനിലെ പെൻഷൻ/ ഫാമിലി പെൻഷൻ കാര്യങ്ങളെ സംബന്ധിച്ച പരാതികൾ അദാലത്തിൽ സമർപ്പിക്കാം. പരാതികൾ 2022 ഫെബ്രുവരി 18 നകം കിട്ടത്തക്കവണ്ണം ശ്രീ. അജിത് കുര്യൻ, സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്, തിരുവനന്തപുരം 695 023 എന്ന വിലാസത്തിൽ അയക്കണം. കവറിന് മുകളിൽ പെൻഷൻ അദാലത്ത് എന്ന് രേഖപ്പെടുത്തണം. കോവിഡ് 19 രോഗസാധ്യത കണക്കിലെടുത്ത് വെർചൽ രീതിയിലാകും അദാലത്ത്. പെൻഷണരുടെ മൊബൈൽ ഫോൺ നമ്പർ അപേക്ഷയിൽ രേഖപ്പെടുത്തണം.

പോസ്റ്റ്ഓഫീസിലോ, ഡിവിഷണൽ തലത്തിലോ മുൻപ് സ്വീകരിച്ച് ഇത് വരെ പരിഹാരം കാണാത്ത പരാതികൾ മാത്രമേ അദാലത്തിന്റെ പരിഗണിക്കൂ. പെൻഷൻ സംബന്ധിച്ച സാധാരണ പരാതികളും, ആദ്യമായി സമർപ്പിക്കുന്ന സാധാരണ പരാതികളും അദാലത്തിൽ പരിഗണിക്കില്ല. അത്തരം പരാതികൾ വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ മാത്രമേ പരിഗണിക്കൂ.

# കാട്ടുപന്നി ശല്യം: ഹോട്ട് സ്പോട്ട് വില്ലേജുകളുടെ ലിസ്റ്റ് കേന്ദ്രത്തിന് നൽകി

സംസ്ഥാനത്തെ കർഷകർ നേരിടുന്ന കാട്ടുപന്നി ശല്യം സംബന്ധിച്ച പ്രശ്നത്തിൽ കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം 'ഹോട്ട് സ്പോട്ട്' ആയി കണക്കാക്കാവുന്ന വില്ലേജുകളുടെ ലിസ്റ്റ് കേന്ദ്രത്തിന് സമർപ്പിച്ചു. നേരത്തെ കൂടുതൽ വില്ലേജുകളുടെ ലിസ്റ്റ് സമർപ്പിച്ചിരുന്നു. ഇപ്പോൾ 406 വില്ലേജുകളാണ് 'ഹോട്ട് സ്പോട്ട്' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വീണ്ടും ഈ പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി സമ്മർദ്ദം ചെലുത്തുന്നതിനായി സംസ്ഥാനത്ത് നിന്നുള്ള എം.പിമാർക്ക് വനംവന്യജീവി വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ കത്തയച്ചിട്ടുണ്ട്.

കൃഷിയും കാർഷിക വിളകളും നശിപ്പിക്കുകയും കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയാകുകയും ചെയ്യുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിന് കർഷകർക്ക് തന്നെ സാധിക്കുന്ന വിധത്തിൽ കാട്ടുപന്നികളെ വന്യമൃഗ സംരക്ഷണ നിയമത്തിലെ 62ാം വകുപ്പ് പ്രകാരം ക്ഷുദ്രജീവിയായി (ല്യാശി) പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര വനം മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ പല തവണ കത്തയക്കുകയും കഴിഞ്ഞ നവംബറിൽ വനം വകുപ്പുമന്ത്രി കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമന്ത്രിയെ നേരിൽ കണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു.

# കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ യുവതിയുടെ മരണം കൊലപാതകം

കോഴിക്കോട്: കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ യുവതിയുടെ മരണം കൊലപാതകമെന്ന് പോലീസ്. മഹാരാഷ്ട്ര സ്വദേശിനിയായ ജി യറാം ജിലോട്ടിനെയാണ് ആശുപത്രിയിലെ സെല്ലിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ശ്വാസംമുട്ടിയാണ് മരണമെന്ന് പോസ്റ്റ്മോർട്ടത്തിൽ കണ്ടെത്തി.

ജിലോട്ടിനെപ്പം സെല്ലിൽ കഴിഞ്ഞിരുന്ന കോൽക്കത്ത സ്വദേശിനിയാണ് പ്രതിയെന്ന് പോലീസ് അറിയിച്ചു. പ്രതിയെ ശനിയാഴ്ച അറസ്റ്റ് ചെയ്യുമെന്നും കോഴിക്കോട് ഡിസിപി പറഞ്ഞു.

ജിയയുടെ തലയുടെ പിന്നിൽ ശക്തമായ അടിയേറ്റ മുഴയുണ്ട്. കഴുത്തിൽ നഖത്തിൻറെ പാടുകളുമുണ്ട്. മൂക്കിൽ നിന്നും ചെവിയിൽ നിന്നും രക്തം ഒഴുകിയി രുന്നു.

വ്യാഴാഴ്ച രാവിലെ അഞ്ചരയോടെയാണ് യുവതിയെ മരിച്ച നിലയിൽ കണ്ടെത്തിയത്. മാനസികാരോഗ്യകേന്ദ്രത്തിലെ മറ്റൊരു അന്തേവാസിനിയും ഇവരുമായി തലേന്നു വഴക്കുണ്ടായിരുന്നതായി അധികൃതർ പറയുന്നു. സെല്ലിൽ ഭക്ഷണം വിതരണം ചെയ്യാനെത്തിയ ജീവനക്കാരാണ് യുവതിയെ മരിച്ച നിലയിൽ കണ്ടെത്തിയത്.

ഒരേ സെല്ലിലുണ്ടായിരുന്ന കോൽക്കത്ത സ്വദേശിനിയും ജിയയുമായാണ് ബുധനാഴ്ച വൈകിട്ട് അടിപിടിയുണ്ടായത്. കോൽക്കത്ത സ്വദേശിനിക്ക് പരുക്കേറ്റതിനെ തുടർന്ന് ജിയയെ അഞ്ചാം വാർഡിലെ പത്താം നമ്പർ സെല്ലിലാക്കി.

കഴിഞ്ഞ മാസം അവസാനം തലശേരി മഹിളാമന്ദിരത്തിൽനിന്നുമാണ് ജിയയെ കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചത്. കുഞ്ഞിനെയും കൊണ്ടു തലശേരിയിൽ അലഞ്ഞുതിരിയുകയായിരുന്നു യുവതി.

കുഞ്ഞിനെ അടിക്കുന്നതു കണ്ടു പോലീസ് ഇടപെട്ടാണു ജിയയെ മഹിളാമന്ദിരത്തിലും കുട്ടിയെ ബാലമന്ദിരത്തിലും പ്രവേശിപ്പിച്ചത്. മഹാരാഷ്ട്രയിൽ വച്ച് പരി ചയപ്പെട്ട തലശേരി സ്വദേശിയെ വിവാഹം കഴിച്ചുവെന്നും ആ ബന്ധത്തിൽ ഒരു കു!ഞ്ഞുണ്ടായ ശേഷം അയാൾ ഉപേക്ഷിച്ചു പോയെന്നുമാണു ജിയ നൽകിയ മൊഴി.

ഭർത്താവിനെ അന്വേഷിച്ചാണു തലശേയിലെത്തിയത്. മഹിളാമന്ദിരത്തിൽ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിച്ചതിനെ തുടർന്ന് ജിയയെ അവിടെ നിന്നു കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലേക്കു മാറ്റുകയായിരുന്നു

## നൈപുണ്യവികസന പരിശീലനത്തിന് അപേക്ഷിക്കാം

കൊല്ലം : പട്ടികവർഗ യുവതീ യുവാക്കൾക്കായി പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾക്ക് 15 വരെ അപേക്ഷിക്കാം. പരിശീലനത്തിന് പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്ലേസ്റ്റോറിൽ നിന്ന് ഢഠഋളള ആപ്പ് ഡൗൺലോഡ് ചെയ്ത് രജിസ്റ്റർ ചെയ്യണം. സോഷ്യോ-എക്കണോമിക് സർവേ മുഖേന ജനറേറ്റ് ചെയ്ത യൂണിക്ക് ഐ.ഡി ഉപയോഗിച്ചാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. യൂണിക്ക് ഐ.ഡി ലഭ്യമല്ലാത്തവർക്ക് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, പ്രൊമോട്ടർ മുഖേന യൂണിക്ക് ഐ.ഡി ജനറേറ്റ് ചെയ്യാം.

## പ്രീമെട്രിക് ആനുകൂല്യങ്ങൾ: അപേക്ഷാ തീയതി നീട്ടി

കൊല്ലം : ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ 2021-22 വർഷത്തെ പ്രീമെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ഫെബ്രുവരി 10 മുതൽ 28 വരെ ഇ-ഗ്രാന്റ്സ് സൈറ്റ് മുഖേന അപേക്ഷിക്കാം. സ്ഥാപന മേധാവികൾ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പ്രീമെട്രിക് ആനുകൂല്യത്തിനായുള്ള ഓൺലൈൻ അപേക്ഷ ഫെബ്രുവരി 28 നു മുമ്പ് അയയ്ക്കണം. മാർച്ച് ഒന്നിനു ശേഷം അപേക്ഷ സമർപ്പിക്കാനാവില്ല.

## റാങ്ക് ലിസ്റ്റ് റദ്ദാക്കി

കൊല്ലം : വനം വകുപ്പിലെ ഡിപ്പോ വാച്ചർ/റിസർവ് വാച്ചർ (കാറ്റഗറി നമ്പർ. 354/16) തസ്തികയിലേക്കുള്ള റാങ്ക് പട്ടിക കാലാവധി പൂർത്തിയായതിനാൽ റദ്ദാക്കിയതായി ജില്ലാ പി. എസ്. സി ഓഫീസർ അറിയിച്ചു.

## സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സഹകരണ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേപ്പിന്റെ കീഴിലുള്ള മുട്ടത്തറ, പെരുമൺ, ആറൻമുള, പത്തനാപുരം, കിടങ്ങൂർ, പുന്നപ്ര, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എൻജിനിയറിങ് കോളേജുകളിൽ 202122 അദ്ധ്യായന വർഷത്തേയ്ക്കുള്ള ഇ.കെ. നയനാർ കോഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 24നകം അതാത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കണം.

പ്ലസ് ടുവിന് 85 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയതും കുടുംബ വാർഷിക വരുമാനം രണ്ടു ലക്ഷം രൂപ കവിയാത്തതുമായ നിലവിൽ കേപ്പ് എൻജിനിയറിങ് കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അർഹതയുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും ഭരണ സമിതി അംഗങ്ങളുടേയും മക്കൾക്കായി സംവരണം ചെയ്ത സീറ്റിൽ പ്രവേശനം നേടിയവർക്ക് മാർക്കോ വരുമാനമോ പരിഗണിക്കാതെ സ്കോളർഷിപ്പ് നൽകും. സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾ അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും അതാതു കോളേജ് പ്രിൻസിപ്പൽമാരെ സമീപിക്കണം.

# കിംസ്ഹെൽത്തിൽ പീഡിയാട്രിക് എപ്പിലെപ്സി ക്ലിനിക് ആരംഭിച്ചു

തിരുവനന്തപുരം: കിംസ്ഹെൽത്തിൽ കൗമാരക്കാർക്കും കുട്ടികൾക്കുമായി എപ്പിലെപ്സി (അപസ്മാരം) ക്ലിനിക് ആരംഭിച്ചു. എല്ലാ മാസവും ആദ്യത്തേയും മൂന്നാമത്തേയും തിങ്കളാഴ്ചകളിൽ ഉച്ചയ്ക്കു രണ്ടു മുതൽ നാലുവരെയാണ് ക്ലിനിക്ക്.

വിദഗ്ധ പരിശോധനയ്ക്കുള്ള വീഡിയോ ഇഇജി, എംആർഐ ബ്രയിൻ, ഡ്രഗ് ലെവൽ മോണിറ്ററിംഗ്, സ്ലീപ് സ്റ്റഡി സൗകര്യങ്ങൾ ലഭ്യമാണ്. വിവിധ ചികിത്സകൾക്കു ശേഷവും രോഗം ഭേദമാകാത്ത കുട്ടികളുടെ സമഗ്ര ആരോഗ്യ പരിപാലനമാണ് ലക്ഷ്യം.

ഇത്തരം കുട്ടികളിൽ സാധാരണയായി കാണപ്പെടുന്ന മറ്റു പ്രശ്നങ്ങളായ ബുദ്ധിവൈകല്യം, ഹൈപ്പർ ആക്റ്റിവിറ്റി, ഓട്ടിസം, പഠന വൈകല്യം എന്നിവയ്ക്ക് വിദഗ്ധ പരിശോധനയും പ്രത്യേക പരിശീലനവും ലഭിക്കും. മരുന്നുകൾ ദീർഘകാലം കഴിക്കുന്നതിനാലുള്ള പാർശ്വഫലങ്ങളായ ഹൈപ്പോതൈറോയിഡിസം, അമിതഭാരം, ഉറക്കക്കുറവ്, ഉറക്കകൂടുതൽ എന്നിവ പ്രാരംഭത്തിൽ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ട്.

മരുന്നുകൾ കൊണ്ട് നിയന്ത്രിക്കാൻ കഴിയാത്ത രോഗികളെ നേരത്തേ തിരിച്ചറിയുകയും ശസ്ത്രക്രിയ വേണ്ടവരെ റഫർ ചെയ്യുകയും ചെയ്യും. ശസ്ത്രക്രിയയിലും ഭേദപ്പെടാൻ സാധ്യതയില്ലാത്ത കുട്ടികളിൽ കീറ്റോജനിക് ഡയറ്റ് തെറാപ്പി 30 ശതമാനത്തിലധികം ഫലപ്രദമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നുണ്ട്. കീറ്റോജനിക് തെറാപ്പി തനതായ ശൈലിയിൽ ചെയ്യുന്ന ആശുപത്രികൾ കേരളത്തിൽ വളരെ കുറവാണ്. ഈ മേഖലയിൽ പ്രത്യേക പരിശീലനം നേടിയ ന്യൂറോളജിസ്റ്റുകളുടേയും ഡയറ്റീഷ്യൻമാരുടേയും സേവനം ക്ലിനിക്കിൽ ഉണ്ടായിരിക്കും.

പീഡിയാട്രിക് ന്യൂറോളജിസ്റ്റുകളായ ഡോ. ഡി കൽപന, ഡോ. മുഹമ്മദ് കുഞ്ഞ്, ഡെവലപ്മെൻറൽ പീഡിയാട്രീഷൻ ഡോ. റീബ ആൻ ഡാനിയേൽ, ക്ലിനിക്കൽ ന്യൂട്രീഷനിസ്റ്റുകളായ സുചിത്ര പി എസ്, ഡോ. ലീന സാജു എന്നിവരുടെ സേവനം ക്ലിനിക്കിൽ ലഭ്യമാണ്.

# വനമേഖലയോട് ചേർന്ന് പുറമ്പോക്കിൽ കഴിഞ്ഞ കുടുംബത്തിന് മുൻഗണനാ കാർഡ് അനുവദിച്ചു

പാലക്കാട് കഞ്ചിക്കോട് പുതുശേരി പഞ്ചായത്ത് ചുള്ളിമട കോട്ടാമുട്ടിയിൽ വനമേഖലയോട് ചേർന്ന് പുറമ്പോക്കിൽ താമസിക്കുന്ന രാജേന്ദ്രന് മുൻഗണനാ റേഷൻ കാർഡ് അനുവദിച്ചു. ഈ കുടുംബത്തിന്റെ ദൈന്യതയെക്കുറിച്ച് വന്ന ഫീച്ചർ ശ്രദ്ധയിൽപ്പെട്ട ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിലാണ് അടിയന്തിരമായി എൻ.പി.എൻ.എസ് വിഭാഗത്തിലുള്ള കാർഡ് (വെള്ള കാർഡ്) മാറ്റി മുൻഗണനാ വിഭാഗത്തിലുള്ള എ.എ.വൈ കാർഡ് (മഞ്ഞ കാർഡ്) നൽകാൻ നിർദ്ദേശം നൽകിയത്. വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം മന്ത്രിയുടെ നിർദ്ദേശ പ്രകാരം പാലക്കാട് ജില്ലാ സപ്ലൈ ഓഫീസർ വി കെ ശശിധരൻ, പാലക്കാട് താലൂക്ക് സപ്ലൈ ഓഫീസർ ജെ.എസ് ഗോകുൽദാസ് എന്നിവർ രാജേന്ദ്രന്റെ വീട്ടിൽ നേരിട്ടെത്തി കാർഡ് നൽകി. മന്ത്രി കുടുംബവുമായി ഓൺലൈനിൽ സംസാരിക്കുകയും ചെയ്തു.

രാജേന്ദ്രന് പതിനഞ്ചു വയസു മുതൽ ഒന്നര വയസുവരെ പ്രായമുള്ള ആറ് പെൺമക്കളാണ് ഉള്ളത്. രാജേന്ദ്രന്റെ ഭാര്യ മാസിലാമണി അടുത്തിടെ മരണപ്പെട്ടിരുന്നു. ഔഷധ സസ്യങ്ങളുടെ വേരുകൾ ശേഖരിക്കലാണ് രാജേന്ദ്രന്റെ ജോലി. രാജേന്ദ്രന്റെ മക്കളുടെ വിദ്യാഭ്യാസത്തിനും വീട് ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കാൻ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. വനത്തിനോട് ചേർന്ന് പുറമ്പോക്കിൽ താമസിക്കുന്ന കുടുംബത്തിന് വൈദ്യുതി കണക്ഷനോ കുടിവെള്ള സൗകര്യമോ നിലവിൽ ലഭ്യമല്ല. കുടുംബത്തിന്റെ ദുരവസ്ഥ മനസിലാക്കിയ മന്ത്രി ഇവർക്കു വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.